# സർഗ്ഗഭാവനകളുടെ മാരിവില്ല്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇ-മാസിക

2019 വാല്യം -1



## *എഡിറ്റോറിയൽ ഡെസ്കിൽ നിന്നും*



*"നറുനിലാമഴയത്തെ കുളിർകാറ്റായി*
*സർഗ്ഗവിഹായസിൻ സംഗീതമായി*
*നീലാകാശച്ചെരുവിലെ ചെറുമണി താരകങ്ങളായി*
*വിരാജിക്കുന്ന മനസ്സുകളിൽ കൂട്ട കൂട്ടുന്ന സഹജീവിസ്നേ-*
*ഹത്തിന്റെ കരുതലും കരുത്തുമാണ് അക്ഷരങ്ങളിലൂടെ*
*പിറവിയെടുക്കുന്ന മാരിവില്ലുകൾക്ക് മിഴിവേകുന്നത്."*

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ സർഗ്ഗപ്രതിഭകളുടെ ചിന്താശകലങ്ങളെ ഈ മാരിവില്ലിലൂടെ കോർത്തിണക്കാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു.

ഒറ്റപതിപ്പിൽ മാത്രമല്ല തുടർന്നും ഭാവിയുടെ നീലാകാശത്ത് മാരിവില്ലുകൾ പ്രകാശിതമാകട്ടെ !

സ്നേഹാശംസകളോടെ



**ബിന്ദു കെ പിള്ള,**
**ഓഡിറ്റ് ഓഫീസർ**

# ഡയറക്ടറുടെ സന്ദേശം..............



സർഗ്ഗസമ്പന്നമായ അക്ഷരപൂമൊട്ടുകൾക്കിടയിൽ നിന്നു സർക്കാർ സേവനപാതിയലെത്തിച്ചേരുന്നവർ പോലും പിന്നീട് യാന്ത്രിക ജീവിതം നയിച്ച് മുന്നേറുന്ന കാഴ്ച നമുക്കു പരിചിതമാണ്. അവിടെയാണ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ജീവനക്കാർ വ്യത്യസ്തരാവുന്നത്. സാമൂഹ്യപ്രതിബദ്ധതയോടെ തങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സേവനം കണിശതയോടും, കൃത്യതയോടും നിർവ്വഹിക്കുന്നതോടൊപ്പം സർഗ്ഗസപര്യയിലൂടെ മനുഷ്യമനസ്സിന്റെ കാണാപ്പുറങ്ങൾ തേടുകയും പൊള്ളുന്ന അപരജീവിത യാഥാർത്ഥ്യങ്ങൾ തന്റേതു കൂടെയാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു എന്നതിന് മകുടോദാഹരണമാണ് ഈ മാരിവില്ല്. സേവനതൽപ്പരരും, അക്ഷരസ്നേഹികളുമായ ഒരുപിടി ജീവനക്കാരാൽ സമ്പന്നമായ വകുപ്പിന്റെ ഡയറക്ടർ എന്ന നിലയിലുള്ള അഭിമാനം ഞാൻ മറച്ചുവയ്ക്കുന്നില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ സംഘടിപ്പിച്ച് മലയാള ഭാഷാവാരാചരണത്തിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെയുള്ള ഓഡിറ്റ് ജീവനക്കാരിൽ നിന്ന് ലഭ്യമായ കഥകളും കവിതകളും വർണ്ണപ്പൊലിമയോടെ കോർത്തിണക്കി ഇവിടെ പ്രകാശിപ്പിക്കുകയാണ്.

ഈ സംരഭത്തിൽ ഒപ്പം കൂടിയവർ, വഴിവിളക്കായവർ, നേതൃത്വം നൽകിയവർ എല്ലാപേർക്കും ഹൃദയാശംസകൾ നേരുന്നു. മലയാളത്തനിമയും, ഭാഷയും, സംസ്കാരവും മുറുകെപ്പിടിച്ച് ഇത്തരത്തിലുള്ള തുടർസംരംഭങ്ങൾ ഇനിയുമുണ്ടാവട്ടെ. .....

സർഗ്ഗവസന്തത്തിന്റെ നറുനിലാവായ് ഈ മാരിവില്ല് പ്രശോഭിക്കട്ടെ.

ആശംസകളോടെ



**ഡി.സാങ്കി**

## സർഗ്ഗഭാവനകളുടെ മാരിവില്ല്....



സമ്പന്നമായ സർഗഭാവനകൾ കൊണ്ട് അനുഗൃഹീതരായ ജീവനക്കാരടങ്ങിയ വകുപ്പാണ് കേരള സംസ്ഥാന ഓഡിറ്റ് എന്നത് അഭിമാനാർഹമാണ്. സമൂഹത്തോടു നിരന്തരമായി നടത്തുന്ന ആശയസംവാദങ്ങളും മാനസിക വ്യവഹാരങ്ങളുമാണല്ലോ സർഗഭാവനകളെ ഉണർത്തുന്നത്. സമൂഹത്തോടുള്ള പ്രതിപത്തിയും, സഹജീവികളോടുള്ള അനുകമ്പയുമാവണം ജീവനക്കാരന്റെ മുഖമുദ്രകൾ എന്നത് തർക്കമറ്റ വിഷയമാണ്. ഇങ്ങനെ നോക്കുമ്പോൾ സർഗാത്മകമായ മനസുകൾ പൊതുജനസേവനത്തിന് ഏറ്റവും ഇണങ്ങുന്നവയാണെന്ന് ഉറപ്പിക്കാം.

മലയാള ഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ രചനകൾ ക്ഷണിച്ചിരുന്നു. വകുപ്പിനു കീഴിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കാര്യാലയങ്ങളിൽ നിന്നും ജീവനക്കാരുടെ രചനകൾ കഥകളായും കവിതകളായും ഒഴുകിയെത്തി. ഇങ്ങനെ ലഭിച്ച രചനകളെല്ലാം സമാഹരിച്ച് 'മാരിവില്ല്' എന്ന പേരിൽ അവതരിപ്പിക്കുകയാണ്. നാളെയുടെ ശുഭോദർക്കമായ നാമ്പുകളെ കൺകുളിർക്കെ കാണാനും മനോമുകുരങ്ങളിൽ അണിയാനുമുള്ള അവസരമാണ് ഈ സൃഷ്ടികളുടെ പ്രകാശനത്തിലൂടെ സാധ്യമാകുന്നത്. ചെങ്കതിരണിഞ്ഞ ഒരു സായാഹ്നം പോലെ, കുളിർനിലാവൊഴുകുന്ന ഒരു സന്ധ്യ പോലെ, മന്ദമാരുതന്റെ ഒരു തലോടൽ പോലെ നമുക്കിവയെ ആത്മാവിൽ നിറയ്ക്കാം. മലയാളത്തിന്റെ ശക്തിയും സൗന്ദര്യവും ഒരേസമയം ആവാഹിച്ച ഈ രചനകൾ ആത്മസാക്ഷാത്ക്കാരത്തിന്റെ ഉത്തമോദാഹരണങ്ങളാണ്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ജീവനക്കാരുടെ സർഗസൃഷ്ടികളുടെ പരമ്പരയിലെ ആദ്യത്തെ പതിപ്പ് മാത്രമാണിത്. വരും നാളുകളിൽ ഇത്തരത്തിലുള്ള കൂടുതൽ സൃഷ്ടികൾ പ്രതീക്ഷിക്കാം.



**കെ. രാജു**

**ജോയിന്റ് ഡയറക്ടർ/കൺവീനർ**

**ഔദ്യോഗിക ഭാഷാ വകുപ്പുതല ഏകോപന സമിതി**

# സമസ്യ

റീന എൻ. രാജൻ
ഓഡിറ്റർ കൊല്ലം കോർപ്പറേഷൻ ഓഡിറ്റ്

ഇന്നലെ പതിനൊന്ന മണിയായിക്കാണം, ഞാനിവിടെത്തന്നെയിരിക്കുമ്പോഴാണ് അയാൾ വന്നത്. ഞാനപ്പോൾ കുറെ വർണ്ണനകളുടെയിടയിൽ അധികം പഴക്കമില്ലാത്ത ഒരാശയം തിരുകിക്കയറ്റി ഒരു ചെറുകഥ മെനഞ്ഞെടുക്കാൻ ശ്രമിക്കുകയായിരുന്നു. വേണമെങ്കിൽ കുറെ ആൾക്കാരെക്കൂടി അതിനിടയിൽ സൃഷ്ടിച്ച്, പഴയ ഒന്നുരണ്ടു ചെറുകഥകളെക്കൂടി ഇടയ്ക്കിടെ ചേർത്ത് ഒരു നോവലാക്കാമായിരുന്നു. പക്ഷെ നോവലെഴുത്ത് മുഷിപ്പൻ ഏർപ്പാടാ എത്രനേരമാ എഴുതേണ്ടത്..... എഴുതിത്തീരുംവരെ പൂർത്തിയാക്കിയില്ലല്ലോ എന്ന ടെൻഷനും. അതുകൊണ്ട് ഞാനിപ്പോൾ നോവലെഴുത്ത് മാറ്റിവച്ച് ചെറുകഥകളിലഭയം പ്രാപിച്ചിരിക്കുകയാണ്.

പറഞ്ഞുപറഞ്ഞ് വിഷയം മാറുന്നല്ലേ.....? ക്ഷമിക്കണേ, ഞാനിങ്ങനെയാ പറഞ്ഞുപറഞ്ഞു പോയാൽ പഞ്ചതന്ത്രം കഥപോലങ്ങുപോകും. അയാളെക്കുറിച്ചറിയാനാകും നിങ്ങൾക്കാകാംക്ഷയല്ലേ..?

അയാളെക്കണ്ടാൽ ഒരു ഭ്രാന്തന്റെ ലക്ഷണങ്ങളൊക്കയുണ്ടായിരുന്നു. മെലിഞ്ഞുണങ്ങി ദേഹമാസകലമഴുക്കുപുരണ്ട് ചപ്രത്തലമുടിയും നീണ്ട വൃത്തികെട്ട താടിയുമുള്ളൊരു രൂപം. അവിടെവിടെ പിന്നിത്തുടങ്ങിയ ഒരു പാന്റ് മാത്രമായിരുന്നു വേഷം. പക്ഷേ ഇങ്ങനെയൊക്കെയാണെങ്കിലും അയാളിവിടെ വന്നപ്പോൾത്തന്നെ ഒരു പ്രത്യേക സുഗന്ധം ഈ മുറിക്കുള്ളിൽപ്പോലും വ്യാപിച്ചതെങ്ങനെയെന്ന് എനിക്കിപ്പോഴും മനസ്സിലാകുന്നില്ല...!

ഞാൻ പറഞ്ഞുവല്ലോ ഞാനപ്പോൾ കുറെ വർണ്ണനകളെയും ആശയങ്ങളെയും ഒരേ നൂലിൽ കോർത്തിണക്കാനുള്ള ശ്രമത്തിലായിരുന്നുവെന്ന്. അതുകൊണ്ട് അയാളിങ്ങു മുറ്റത്തു വന്നശേഷമാണ് ഞാൻ കണ്ടത്. എനിക്കാണേൽ ഭ്രാന്തന്മാരെയും കുടിയന്മാരെയും പണ്ടേ പേടിയാണ്.

പെട്ടെന്നെഴുന്നേറ്റ് കതകടയ്ക്കണോ പിൻവശത്തെ വാതിൽവഴി ഓടി അപ്പുറത്തെ വീട്ടിൽ പോകണോ എന്നു ചിന്തിക്കുന്നതിനിടെ അയാളാവശ്യപ്പെട്ടു

" കൊച്ചേ ഇങ്ങോട്ട് വാ...."

എനിക്ക് പേടികൊണ്ട് ഒരുചുവട് നീങ്ങാൻ വയ്യാതായി. എന്നെ രക്ഷിക്കാനാരുമിവിടെയില്ലല്ലോ പകൽ പട്ടിയെ കെട്ടിയിട്ടതബദ്ധമായിപ്പോയെന്ന് തോന്നി.

"ഹാ... പേടിക്കണ്ട കൊച്ചേ ...... നോവലൊക്കെയെഴുതുന്ന അരുണയല്ലേ ....," എന്നയാൾ ചോദിച്ചപ്പോൾ എനിക്കു കുറച്ചൊരാശ്വാസമായി. ആ ധൈര്യത്തിൽ ഞാൻ വാതിലിനടുത്തേക്ക് നീങ്ങി. എങ്കിലും അയാളുടെ അധികാരസ്വരത്തിലുള്ള സംസാരരീതിയെനിക്ക് തീരെ പിടിച്ചില്ല.

അയാളുടെ വരവ് എനിക്കൊട്ടുമിഷ്ടപ്പെട്ടില്ല എന്നറിയിക്കുന്ന രീതിയിൽ "എന്താ...." എന്ന് ഒത്തിരി ദേഷ്യവും, ഇത്തിരി പേടിയും കലർന്ന മട്ടിൽ ചോദിച്ചെങ്കിലും അവിടെ നിറഞ്ഞുനിന്ന പ്രത്യേക മണം കൂടുതൽ ആവാഹിച്ചെടുക്കാൻ ഞാൻ ശ്രദ്ധിച്ചു.

“ഞാൻ ഉപദ്രവിക്കാനൊന്നും വന്നതല്ല. എനിക്ക് തന്നെക്കൊണ്ടൊരാവശ്യമുണ്ട്."

എന്റെ പേടി മനസ്സിലാക്കിയാവും അയാളിങ്ങനെ പ്രതികരിച്ചത്.

“എന്നെക്കൊണ്ട് നിങ്ങൾക്കെന്താവശ്യമാ...?"

എനിക്കൊന്നും പിടികിട്ടിയില്ല.

അയാളൊന്നു ചിരിച്ചു. വൃത്തിയില്ലെങ്കിലും ഭംഗിയുള്ള ചിരി.

പിന്നെപ്പറഞ്ഞു "എനിക്കൊരു നോവലിസ്റ്റിനെ ആവശ്യമുണ്ട്. ഒരു നോവലെഴുതിക്കാനാണ് കേട്ടോ, വേറെ ധാരാളം എഴുത്തുകാരുണ്ടെങ്കിലും തന്റെ എഴുത്തിന്റെ ശൈലിയുണ്ടല്ലോ അതെനിക്കേറെയിഷ്ടമാണ്.

എനിക്കപ്പോൾ അയാളുടെ വൃത്തിയില്ലായ്മ ഒരു പോരായ്മയായിത്തോന്നിയതേയില്ല. മാത്രമല്ല അകത്തു കയറിയിരുന്ന് സംസാരിക്കാൻ ക്ഷണിച്ചാലോന്നും തോന്നി. പക്ഷേ വിശ്വേട്ടൻ അപ്പോഴെങ്ങാനും വന്നു കണ്ടാൽപ്പിന്നെ രണ്ടാഴ്ചയിലേക്കെന്നെ ശകാരിക്കാൻ അതുമതി കാരണമെന്നോർത്തപ്പോൾ ആ ചിന്തയെ ഞാൻ മനസ്സിന്റെ കോണിലൊളിപ്പിച്ചു.

അയാൾ തുടർന്നുകൊണ്ടിരുന്നു.

“നോവലിന്റെ 'തീം' ഞാൻ പറഞ്ഞു തരും. എന്റെ അനുവാദമില്ലാതെ വേറൊന്നുമതിൽ ചേർക്കാനും പാടില്ല. കാശ് എത്ര വേണമെങ്കിലും തരും. ലക്ഷങ്ങൾ ചോദിക്കാം. തീരുമാനിക്കേണ്ടത് തന്റെയിഷ്ടം".

എത്ര കാശു വേണോ ഇയാൾക്കു തരാൻ കഴിയുമോ ..? എങ്കിൽപ്പിന്നെ വൃത്തിയായി നല്ല വേഷം ധരിച്ച് നടന്നൂടേ ...? എന്റെ ചിന്ത മനസ്സിലാക്കിയാവും അയാൾ പറഞ്ഞത്- “ഞാനെവിടന്ന് പണം തരുമെന്നാവും താൻ വിചാരിക്കുന്നത്. അതോർത്തൊന്നും വിഷമിക്കണ്ട. യേശു വെള്ളം വീഞ്ഞാക്കിമാറ്റിയ കഥ താൻ കേട്ടിട്ടില്ലേ? അതുപോലെ എനിക്കു വേണമെങ്കിൽ ഈ മുറിയിലെ വായു മുഴുവൻ സ്വർണ്ണമാക്കാൻ കഴിയും. എന്നാൽപ്പിന്നെ ഞാനെന്താണിങ്ങനെ നടക്കുന്നതെന്നാകുമല്ലേ..? എനിക്കിതാണിഷ്ടം .... അതുകൊണ്ട് ഞാനിങ്ങനെ..... പണമുണ്ടെങ്കിൽ അതിന്റെയാഴമനുസരിച്ച് ഓരോരോ കോപ്രായങ്ങൾ കെട്ടിയില്ലെങ്കിലാളുകൾ എന്തു പറയുമെന്നനിക്കു ചിന്തയില്ല. എന്റെയിഷ്ടം ഞാൻ ചെയ്യും. അതെന്റെ സ്വാതന്ത്ര്യം."

അതു ശരിയാണല്ലോന്നെനിക്കു തോന്നി. എങ്കിലും വായുവിനെ സ്വർണ്ണമാക്കുകയോ..? ഇയാൾക്ക് ശരിക്കും വട്ടായിരിക്കുമോ..?

എന്റെ ചിന്താഗതികളൊക്കെയും അയാൾ വായിക്കുന്നതുപോലെ തോന്നി.

"എനിക്കു വട്ടൊന്നുമല്ല കൊച്ചേ... തന്നെ വിശ്വസിപ്പിക്കണമല്ലോ.... ഒരുകാര്യം ചെയ്യാം ദേ.., എന്റെ കൈക്കുള്ളിലൊന്നുമില്ലേ.........." അയാൾ കൈവെള്ള കാട്ടിപ്പറഞ്ഞു.

ദേഹം അത്രയും വൃത്തികെട്ടിരുന്നെങ്കിലും ആ കൈവെള്ളയ്ക്ക് പനിനീർപ്പൂവിന്റെ നിറമായിരുന്നു. അവിടന്നാകുമോ ആ സുഗന്ധം വന്നതെന്നാലോചിക്കുമ്പോൾ അയാളുടെ ശബ്ദം എന്നെയുണർത്തി.

"ദേ..., ഞാനിപ്പോൾ കൈ ചുരുട്ടിപ്പിടിച്ചേയ്ക്കുകയാണ് എന്റെയി കൈക്കുള്ളിലെ വായുവിനെ എന്താക്കണം..? ഒരു പനിനീർപ്പൂവാക്കിയാലോ..?

അയാളുടെ കണ്ണുകൾ കുറച്ചു സമയത്തേക്ക് എന്റെ കണ്ണുകളിൽ തറഞ്ഞുനിന്നു. ഞാൻ പെട്ടെന്ന് നോട്ടം പിൻവലിച്ചു. രണ്ടുമൂന്നു നിമിഷങ്ങൾക്കുശേഷം അയാൾ കൈ തുറന്നു. നല്ല ഭംഗിയുള്ള വിടരാൻ തുടങ്ങുന്നൊരു പനിനീർപ്പൂവ്...!

അയാൾ അതെനിക്കു നീട്ടി. "ഇതരുണയ്ക്കിരിക്കട്ടെ... ഒരു സൗഹൃദ സമ്മാനമായിക്കരുതിയാൽ മതി."

ഞാനാകെ ചിന്താക്കുഴപ്പത്തിലായി. ശരിക്കും ആ പൂവെനിക്ക് വേണമെന്നുണ്ടായിരുന്നു. എങ്കിലും വിശ്വേട്ടനെ കാണിക്കുമ്പോൾ എന്തൊക്കെയാവും എന്നെപ്പറയുക. ഒരുപക്ഷെ ഒരു 'ഡൈവോഴ്സിലെത്താനും ഈ പൂവു മതിയാകും. സൗഹൃദത്തിന്റെ സമ്മാനം ഒളിച്ചുവച്ചാസ്വദിക്കാൻ ഞാനൊരുക്കവുമല്ലായിരുന്നു.

അയാളുടെ സംസാരം വീണ്ടുമെന്നെ അത്ഭുതപ്പെടുത്തി.

"വിശ്വം വഴക്കിടുമല്ലേ...? സാരമില്ല. താൻ വിഷമിക്കണ്ടെടോ..... നമുക്കൊരു കാര്യം ചെയ്യാം. ഇതിനെ ആകാശത്തേയ്ക്കയയ്ക്കാം...... നക്ഷത്രങ്ങളുടെയിടയിൽ ഈ സൗഹൃദവും സ്ഥാനം പിടിച്ചോട്ടെ... രാത്രിയിൽ ആകാശത്തു തിളങ്ങുന്ന ഈ പനിനീർപ്പൂവ് തനിക്ക് നോവലെഴുതാൻ പ്രചോദനവുമായിക്കോട്ടെ..."

അയാളാ പൂവ് മേൽപ്പോട്ടെറിഞ്ഞു. അത് താഴേക്കു വരാതെ മുകളിലെങ്ങോ പോയ് മറഞ്ഞു. അപ്പോൾ ന്യൂട്ടന്റെ സിദ്ധാന്തം ...? എന്റെ ചിന്ത മനസ്സിലാക്കിയപോലെ, "ഒരു സൗഹൃദ സമ്മാനത്തിനിടയിൽ ന്യൂട്ടന്റെ സിദ്ധാന്തത്തിനെന്തു വിലയെടോ.... അതിനെ വെറുതെ വിട്..." എന്നു പറഞ്ഞ് അയാൾ ചിരിച്ചപ്പോൾ എനിക്കും ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. മാത്രമല്ല വിശ്വേട്ടനെന്തു വിചാരിച്ചാലും കുഴപ്പമില്ലെന്ന് തീരുമാനിച്ച് ഞാനയാളെ അകത്തുകയറിയിരിക്കാൻ ക്ഷണിച്ചു.

പക്ഷെ അയാളതു നിരസിച്ചു.

"എന്റെയീ രൂപത്തിൽ ഞാനകത്തിരിക്കുമ്പോൾ വിശ്വം വന്നാലോ..? എനിക്കൊന്നുമില്ല. തന്റെ കാര്യമങ്ങനെയല്ലല്ലോ... സഹായിക്കുന്നവരെ ദ്രോഹിക്കുന്നതെനിക്കിഷ്ടമല്ല.."

അയാളോടെനിക്കപ്പോൾ എന്തെന്നില്ലാത്ത ബഹുമാനമായി.

"കുടിക്കാൻ ചായയോ കാപ്പിയോ..? " ഞാൻ കൂടുതൽ വിനയാന്വിതയായി.

"എനിക്കൊന്നും വേണ്ട കൊച്ചേ.... നോവലെഴുതാമെന്ന് താൻ സമ്മതിച്ചാൽ എനിക്ക് സന്തോഷമായി. പണം കൊടുത്താൽ ഏതു വായ്നോക്കിയും എഴുതിത്തരും. പക്ഷെ അതിനൊന്നും താനെഴുതുന്ന ഭംഗി വരില്ലല്ലോ.."

അയാളുടെ പ്രശംസയെനിക്കേറെ ഇഷ്ടമായെങ്കിലും അതൊന്നുകൂടി കേൾക്കാനായി ഞാൻ പറഞ്ഞു "ഏയ് എന്റെ ശൈലി ഒട്ടും നല്ലതല്ല..... താങ്കളെപ്പൊലൊരാളുടെ 'തീം' നോവലാക്കാനുളള കഴിവൊന്നുമെനിക്കില്ല."

"അത് ഞാനല്ലേ തീരുമാനിക്കേണ്ടത്..... പക്ഷെ തന്റെ സമ്മതം എനിക്ക് വേണം. നേരത്തെ പനിനീർപ്പൂവ് സൃഷ്ടിച്ചതുപോലൊരു നോവലുണ്ടാക്കാനുമെനിക്കു കഴിയും. പക്ഷെ അത് ശരിയാവില്ല. മറ്റൊരാളെഴുതുന്ന ഒരു നോവൽതന്നെ വേണം, അതെഴുതാൻ കഴിയുന്ന ഒരാൾ താൻ മാത്രവും...."

അയാളുടെ വാക്കുകൾ എന്നിൽ കുളിർകോരി..... വിശേഷിട്ടനെന്തു പറയുമെന്നോർക്കാതെ ഞാൻ പറഞ്ഞു. "എനിക്ക് പണമൊന്നും വേണ്ട. നോവൽ ഞാനെഴുതാം. "

അയാളുടെ കണ്ണുകളിലൊരു പ്രത്യേക നിർവൃതി ഞാൻ കണ്ടു. "പണത്തിന്റെ കാര്യം കളയ്. അത് താൻ വാങ്ങിയില്ലെങ്കിലും തരാനെനിക്കറിയാം. താൻ സമ്മതിച്ചല്ലോ. എനിക്കാശ്വാസമായി. "

അയാളുത്ര വികാരം കൊണ്ടതെന്തിനെന്ന് എനിക്ക് മനസ്സിലായില്ല.

പെട്ടെന്നാണ് ഞാനോർത്തത്, അയാളെപ്പറ്റിയൊന്നുമെനിക്കറിയില്ലല്ലോ.... ഞാൻ ചോദിച്ചു . "വീടും പേരും പറഞ്ഞാൽ എന്നെപ്പറ്റിയാകുമോ...? അതൊന്നും എന്റേതുപോലുമല്ലല്ലോ..... സത്യം പറഞ്ഞാൽ, കൊച്ചേ എനിക്ക് പേരില്ല എനിക്കൊരു പേരിടുന്നത് തനിക്ക് വിട്ടുതന്നേക്കുന്നു. നല്ല പേരുകളിടാൻ താൻ വലിയ സാമർത്ഥ്യക്കാരിയാണെന്നെനിക്കറിയാം. തന്റെ നോവലുകളിലെ പേരുകളൊക്കെയെനിക്കിഷ്ടമാണ്. ഞാൻ കഥ പറഞ്ഞു കഴിയുമ്പോൾ അതിനനുസരിച്ചൊരു പേര് താനെനിക്കിട്ടോ. പിന്നെ വീട്..... അതൊക്കെ ഓരോരോ തോന്നലുകളല്ലേ ? ഇത് തന്റെ വീടാണെന്നു പറയാൻ പറ്റ്വോ..? പറ്റില്ല..... ഇവിടെയല്ലല്ലോ താൻ ജനിച്ചതും വളർന്നതുമൊന്നും. ഇതൊരു സത്രമല്ലേടോ...? എന്റെ വീട്..., ഈ പ്രപഞ്ചം മുഴുവൻ എന്റെ വീടാ. എനിക്കിഷ്ടമുള്ളയിടത്ത് ഞാൻ താമസിക്കും."

അയാൾ വീണ്ടും ചിരി തുടങ്ങി.

എനിക്ക് ചെറിയൊരു ചമ്മലായെങ്കിലും അതു പുറത്തു കാണിക്കാതെ ചോദിച്ചു. "എന്തു നോവലാണെഴുതേണ്ടത്..? പിന്നെ നോവലൊക്കെ അങ്ങനെ വേറൊരാൾ പറയുന്ന രീതിലെഴുതാൻ കഴിയുമോ ആവോ...?".ഭംഗിയിലൊന്നു പുഞ്ചിരിച്ചിട്ടയാൾ പറഞ്ഞു. "അതൊന്നുമോർത്ത് താൻ വിഷമിക്കണ്ട. അതിനുള്ള ഉണർവ്വ് ആകാശത്തിലഭയം പ്രാപിച്ച ആ പനിനീർപ്പൂവ് തന്നോളും ..... പിന്നെ നോവലെന്നു പറഞ്ഞാൽ ഒരു ബൃഹത് നോവലായിരിക്കണം..... താൻ വിചാരിക്കുന്നതിലും വലുത്...."

അതെന്തു നോവലെന്നു വിചാരിക്കുമ്പോഴേക്കും മറുപടിയെത്തി.

"അതായത്... ബൈബിളും ഖുറാനും മഹാഭാരതവുമൊക്കെയില്ലേ...... അതിലും വലിയൊരു നോവൽ. എനിക്ക് ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല ......

"അതൊക്കെ മതഗ്രന്ഥങ്ങളും ഇതിഹാസകാവ്യവുമൊക്കെയല്ലേ ...? നോവലെങ്ങനെയാ അങ്ങനെയാകുന്നത്..? " എന്നു ചോദിച്ചപ്പോഴുള്ള ഉത്തരം അതിലും രസാവഹമായിരുന്നു.

"കൊച്ചേ .... അതൊക്കെ ഓരോരോ നോവലുകളല്ലേ....? അതൊക്കെ പണ്ട് ഓരോരുത്തരെഴുതിയ നോവലുകളാണ് ..."

ഞാനുറക്കെച്ചിരിക്കാൻ തുടങ്ങിയപ്പോൾ അയാൾ ഗൗരവം വിടാതെ പറഞ്ഞു. "ചിരിക്കാൻ പറഞ്ഞതല്ലെടോ... അതൊക്കെ പണ്ട് ഓരോരുത്തർ കള്ളപ്പേരിലെഴുതിയ നോവലുകളാണ്. ചിലർ പേരുവെയ്ക്കാതെഴുതി. അല്ലാന്നു പറയാൻ തന്റെ കൈയിൽ തെളിവു വല്ലതുമുണ്ടോ..? ഇപ്പോൾ നമ്മുടെ പല നേതാക്കന്മാരും അവരുടെ ചെയ്തികൾക്ക് ഏറാൻമൂളാനും അവർക്ക് ഓശാന പാടാനും കുറെ ശിങ്കിടികളെ കൂലികൊടുത്ത് നിറുത്തിയിട്ടില്ലേ...? അതുപോലെ കൂലികൊടുത്തെഴുതിച്ചതോ സ്വയമെഴുതിയവയോ ആണ്. അതിനെപ്പാടിപ്പുകഴ്ത്തി തലയ്ക്കു ലവലില്ലാത്തവർ ഓരോ മതങ്ങളും സ്ഥാപിച്ചങ്ങു നടക്കുകയല്ലേ... എന്തൊക്കെ കൊള്ളരുതായ്മകളാ ഇവരൊക്കെ ജീവിച്ചിരുന്ന കാലത്ത് ചെയ്തു കൂട്ടിയതെന്നാർക്കറിയാം...? എനിക്കൊരാലോചന, എന്നെ കേന്ദ്രകഥാപാത്രമാക്കി ഒരു നോവലെഴുതിയാലോന്ന്. നേരത്തെ പറഞ്ഞ നോവലുകളിലെ ഹീറോകളെക്കാളൊക്കെ നല്ലവനല്ലേ ഞാനെന്ന് എന്റെ കഥ കേട്ടിട്ട് താൻ തന്നെ തീരുമാനിക്ക്. പിന്നെ അതിലെ ഹീറോകൾക്ക് കൊടുത്ത ധർമ്മപരിവേഷമൊന്നും നോവലിൽ താനെനിക്കു തരണ്ട. ഞാൻ പറയുന്ന കാര്യങ്ങൾ പച്ചയായവതരിപ്പിച്ചാൽ മതി."

അയാൾ പറയുന്നതിലും ചെറിയ കാര്യമില്ലേ എന്നെനിക്കു തോന്നി.... ആരെന്തു പറഞ്ഞാലും അതിലൊക്കെയൊരു ശരി കണ്ടെത്തുന്ന എന്റെ സ്വഭാവത്തിന്റെ ഭാഗമായല്ല ആ തോന്നലുണ്ടായത്. എന്തു കൊണ്ടവയൊക്കെ ഓരോരോ വലിയ നോവലായിക്കൂടാ.. നോവലിനാരാ ഒരു നിർവ്വചനമുണ്ടാക്കിയത്....?

അയാൾ വീണ്ടും എന്റെ ചിന്തകൾ വായിച്ചറിഞ്ഞു. " ഇപ്പൊ തനിക്കും തോന്നിയില്ലേ, അതൊക്കെ ഓരോരോ നോവലുകളായിരുന്നുവെന്ന്.... തന്നെപ്പോലെ നല്ല എഴുത്തുകാർ വിചാരിച്ചാൽ അതുപോലൊരു നോവലെഴുതാനാണോ പ്രയാസം..? പതിരുന്നൂറു വർഷം കഴിയുമ്പോൾ

വായിക്കുന്നവർ അതിനെയും ഇതുപോലെ വല്ലതുമൊക്കെയാക്കും...? പിന്നെ എനിക്കുവേണ്ടി താൻ എഴുതുന്ന നോവലുണ്ടല്ലോ, അതിന്റെ ആദ്യപേജിൽ താനെഴുതണം, ആ നോവലിനെയോ അതിലെ കഥാപാത്രങ്ങളെയോ ആരും ആരാധിക്കാൻ പാടില്ലെന്നും അതിലെ രീതികൾ ജീവിതത്തിൽ പകർത്താൻ താൽപര്യമുള്ളവർ പ്രത്യേക മതങ്ങളൊന്നുമുണ്ടാക്കരുതെന്നും മനുഷ്യനിൽ വിശ്വസിക്കണമെന്നും മനുഷ്യത്വമെന്ന നയം സ്വീകരിക്കണമെന്നും പരമശക്തിക്കും മനുഷ്യർക്കുമിടയിൽ പുരോഹിതന്മാരെന്ന പേരിലുള്ള മധ്യവർത്തികളായ ഇത്തിൾക്കണ്ണികളെ ഒഴിവാക്കണമെന്നും ചരാചരങ്ങളെയെല്ലാം ദയാവായ്പോടെ കാണണമെന്നും എല്ലാത്തിലും വലുത് സ്നേഹമാണെന്നും അതിലൂടെ മാത്രമേ പരമശക്തി യോടടുക്കാനാവൂയെന്നും." അയാൾ പറഞ്ഞതെല്ലാം മനസ്സിലുണ്ടോ എന്നോർത്തു നോക്കിയപ്പോൾ എനിക്കുതന്നെയൽഭുതമായി..... മനസ്സ് തത്ത പറയുന്നപോലെ എല്ലാം ഉള്ളിലിരുന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു...!

അയാൾ തുടർന്നു... "എഴുതിക്കഴിയും വരെയും താനതൊന്നും മറക്കില്ലെടോ..... ഇനി അതിലെ എന്റെ കഥ പറയാം ... കഥയല്ല കൊച്ചേ ... യഥാർത്ഥ്യങ്ങളാ... പക്ഷെ താനതൊരു നോവലായെഴുതിയാൽ മതി."

അപ്പോഴെക്കും, "അതാ... വരിനെടാ..." എന്നും പറഞ്ഞ് അഞ്ചാറാളുകൾ ഗേറ്റുകടന്നോടി വന്നു.

പേടിച്ചെങ്കിലും എനിക്ക് കൂട്ടിനയാളുണ്ടല്ലോ, എന്നാശ്വസിക്കുമ്പോൾ കണ്ടു, അയാൾ തിരിഞ്ഞുനിന്ന് അവരെ സൂക്ഷിച്ചു നോക്കുന്നു. അവരൊക്കെ പ്രതിമപോലെ, ഓടിവന്ന അതേപോസിൽ അനക്കമില്ലാതെ നിൽക്കുന്നു...!

അയാളുച്ചത്തിൽ ചിരിക്കാൻ തുടങ്ങി. പിന്നെ പരിഹാസത്തോടെ അവർക്കു നേരെ തിരിഞ്ഞു "നിങ്ങളൊക്കെ ഇത്രേയുള്ളു. ഇനി ഒന്നനങ്ങണമെങ്കിൽ എന്റെ കാരുണ്യം വേണം... എന്നിട്ടാ എന്നെ പൂട്ടിയിടാൻ വന്നേക്കുന്നത്..."

എന്നിട്ട് തിരിഞ്ഞ് എന്നോടായി പറഞ്ഞു.

"എനിക്കിപ്പോൾ പോയേ പറ്റൂ... അവന്മാർക്കു കിട്ടാനുള്ളതൊക്കെ ഞാൻ കാരണമില്ലാതാക്കാൻ കഴിയില്ല.... എന്റെ ഭാഗം ഞാൻ പറഞ്ഞു തുടങ്ങിയില്ലല്ലോ... ഒരു കാര്യം ചെയ്യാം കൊച്ചേ.... തന്റെ ഭാവനയ്ക്കനുസരിച്ചെഴുതിക്കോ..... തന്റെ ഭാവനയിൽ ഞാൻ യാഥാർഥ്യമായിത്തന്നെ ജീവിക്കുമെന്നനിക്കുറപ്പായി.... തനിക്കേ അങ്ങനെ എഴുതാൻ കഴിയൂ..... ഇപ്പോൾ ഞാൻ പോട്ടെ...?"

അവരുടെയടുത്തേയ്ക്ക് നടക്കുന്നതിനിടെ തിരിഞ്ഞു നിന്നിട്ടയാൾ വിളിച്ചു പറഞ്ഞു.

"കൊച്ചേ, നോവൽ വാങ്ങാൻ ഞാൻ വരും, പൂർത്തിയായിക്കഴിയുമ്പോൾ...."

അയാളുടെ 'കൊച്ചേ' വിളി ആദ്യം കേട്ടപ്പോൾ ദേഷ്യം വന്നെങ്കിലും പിന്നീടെനിക്ക് വീണ്ടും വീണ്ടും കേൾക്കണമെന്ന തോന്നി. ഇതുവരെ എന്നെയാരുമങ്ങനെ വിളിച്ചിട്ടില്ലെന്ന തോന്നുന്നു....

അയാൾ അവർക്കരുകിലെത്തിപ്പറഞ്ഞു "എന്നെക്കാരണം വിഷമിക്കണ്ട.... പോകാം..."

പെട്ടെന്ന് പ്രതിമകൾ നടന്ന തുടങ്ങുന്നതുപോലെ അവരയാൾക്ക് ചുറ്റും കൂടി. ഓടിയാലോ എന്നമട്ടിൽ രണ്ടുപേർ അയാളുടെ കൈകൾക്കിടയിലൂടെ കൈ കയറ്റിപ്പിടിച്ചിരുന്നു.... അയാളുടെ കാരുണ്യത്തിൽ നടന്ന തുടങ്ങിയവരാ പിന്നയാളുടെ മേലാളർ ചമഞ്ഞത്.

അയാളവരെ പുച്ഛിച്ച ചിരിക്കുന്നത് ഞാനറിഞ്ഞു.

എനിക്ക് എന്തെന്നില്ലാത്ത നഷ്ടബോധം തോന്നി...! അയാളെ കൊണ്ടു പോകരുതെന്ന് വിളിച്ച പറയണമെന്നുണ്ടായിരുന്നു. പക്ഷെ വിശ്വേട്ടൻ .... സാരമില്ല.. അയാൾക്കതു മനസ്സിലാകുമല്ലോ എന്നോർത്താശ്വസിക്കുമ്പോൾ അയാളെ പിടിച്ചുകൊണ്ട് പോയവരിലൊരുവൻ തിരിഞ്ഞു പറഞ്ഞു "പേടിക്കണ്ട പെങ്ങളെ..... ഇവന് വട്ടാ... ചാടി വന്നതാ...."

എനിക്കൊന്നും മനസിലായില്ല. അയാൾക്ക് വട്ടെന്ന കരുതാൻ എനിക്കു തോന്നിയില്ല. ആ വന്നവർക്കായിരിക്കുമോ.......? എന്നാലും അത്രയും പേർക്കൊരുമിച്ച വട്ടാകുമോ...?

അപ്പോഴും അയാളിൽ നിന്നുതിർന്ന ആ സുഗന്ധം ഇവിടമാകെ നേരിയതോതിൽ തങ്ങി നിന്നിരുന്നു...!

വൈകിട്ട് വിശ്വേട്ടൻ വന്ന് ചായ കുടിച്ച കഴിഞ്ഞപ്പോൾ ഞാനിതൊക്കെയവതരിപ്പിച്ചു. "അരുണേ... നിന്റെ വട്ടിത്തിരി കൂടുന്നു...." എന്നുള്ള വിശ്വേട്ടന്റെ മറുപടി എന്നെയാകെ ചിന്താക്കുഴപ്പത്തിലാക്കി . എനിക്കോ വട്ട്....?

എങ്കിലും അത് വട്ടല്ല, യാഥാർത്ഥ്യമാണെന്ന് വിശ്വേട്ടനെ ബോധ്യപ്പെടുത്താൻ ഞാൻ കിണഞ്ഞു ശ്രമിച്ചു. അപ്പോൾ അടുത്ത ശകാരമായി, "കണ്ട ഭ്രാന്തമാരെയൊക്കെ വീട്ടിൽ വിളിച്ചുകയറ്റി കൊഞ്ചാൻ പോകുന്നതെന്തിനാ നീ...? "

"ഞാൻ വിളിച്ചുകയറ്റിയതല്ല വിശ്വേട്ടാ... അതുമല്ല അയാളകത്തു കയറീല്ലല്ലോ..... വെളീലാ നിന്നത്..." ഞാനെന്റെ നിരപരാധിത്വം വെളിപ്പെടുത്താൻ നോക്കി.

വിശ്വേട്ടനെയത് വീണ്ടും ദേഷ്യം പിടിപ്പിച്ചു. "എങ്കിൽപ്പിന്നെ നിനക്കയാളെ അകത്തുവിളിച്ചിരുത്തി സൽക്കരിച്ചൂടായിരുന്നോ...?

ഞാൻ കരച്ചിലിന്റെ വക്കോളമെത്തിയിരുന്നു. അതുകണ്ട് വിശ്വേട്ടൻ അൽപ്പമൊന്നയഞ്ഞു. "അല്ല പിന്നെ, ആരെങ്കിലുമൊക്കെ കയറി വന്നാൽ അപ്പോഴേ ഇറങ്ങിപ്പോകാൻ പറയണ്ടേ..?"

ഞാനപ്പോഴേക്കും കരഞ്ഞുപോയി. പക്ഷേ എന്റെ പ്രതീക്ഷയ്ക്ക വിപരീതമായി വിശ്വേട്ടനെന്നെ ആശ്വസിപ്പിച്ചു. "പോട്ടെ മോളെ..... നീ കരയാൻ പറഞ്ഞതല്ല. ആരെയും വിശ്വസിക്കാൻ കൊള്ളാത്ത കാലമാ ഇത്... നിനക്കെന്തെങ്കിലും പറ്റിയാൽ... അതുകൊണ്ടല്ലേ... കരയല്ലേ..."

അങ്ങനെയുള്ള ആളല്ല അയാൾ എന്നൊക്കെ പറയണമെന്നുണ്ടായിരുന്നെങ്കിലും വീണ്ടും വിശ്വേട്ടനോടതേപ്പറ്റി ഒന്നും പറയാൻ ഞാൻ ധൈര്യപ്പെട്ടില്ല.

വിശ്വേട്ടന്റെ നെഞ്ചോടടക്കിപ്പിടിച്ചപ്പോൾ പെയ്തൊഴിഞ്ഞ ആകാശം പോലായി മനസ്സ്. എങ്കിലും അയാളപ്പോഴും പൂരിപ്പിക്കാനാവാത്ത സമസ്യപോലെ മനസ്സിലുണ്ടായിരുന്നു. പക്ഷേ ആ മുഖം എനിക്കോർമ്മ വന്നതേയില്ല. രാത്രി വിശ്വേട്ടനുറങ്ങിക്കഴിഞ്ഞിട്ടും എനിക്കുറങ്ങാനായില്ല... ഞാനപ്പോഴാണ് ആ പനിനീർപ്പൂവിനെക്കുറിച്ചോർത്ത്....... പെട്ടെഴുന്നേറ്റ് ജനലിനടുത്തുചെന്ന് ആകാശത്തേയ്ക്കു നോക്കിയപ്പോൾ വിശ്വസിക്കാൻ കഴിഞ്ഞില്ല... നക്ഷത്രങ്ങളുടെയിടയിൽ നക്ഷത്രശോഭയോടെ തിളങ്ങുന്ന ആ പനിനീർപ്പൂവ് എത്ര നോക്കി നിന്നിട്ടും മതിയായില്ല.

അപ്പോഴാണ് ചുമലിൽ വിശ്വേട്ടന്റെ കരങ്ങളമർന്നത്.

“അരുണേ.... നീയെന്താ ഉറങ്ങാത്തത്...?"

പെട്ടെന്ന്, കാണാതായ കളിപ്പാട്ടം കണ്ടുപിടിച്ച കുട്ടിയുടെ സന്തോഷത്തോടെ ഞാൻ പറഞ്ഞു.

“വിശ്വേട്ടാ..... ദേ നോക്കിയേ..... ആ പനിനീർപ്പൂവ് ആകാശത്ത്...."

ആകാശത്തേക്കു നോക്കിയ വിശ്വേട്ടന്റെ മറുപടി എന്റെ എല്ലാ സന്തോഷവും കെടുത്തി.

"നിനക്കെന്തു പറ്റിയരുണേ...? അവിടെ ഞാനൊന്നും കാണുന്നില്ലല്ലോ.... നീ വന്ന് കിടക്ക്. കൂടുതലിരുന്ന് ചിന്തിച്ചതുകൊണ്ടാ..... വന്നുറങ്ങാൻ നോക്ക്..."

പിന്നീടെപ്പോഴോ ഉറങ്ങിയെങ്കിലും സ്വപ്നങ്ങളിലാകെ ആ പിനീർപ്പൂവായിരുന്നു.

ഇന്ന് രാവിലെ വിശ്വേട്ടനിറങ്ങാൻ നേരം പറഞ്ഞതാ, വെറുതെ ഓരോന്നോർത്തിരിക്കണ്ട, കുറച്ചു ദിവസത്തേക്കിനി എഴുത്തും നിർത്തിവയ്ക്കാൻ.

പക്ഷെ അതെങ്ങനെ എന്റെ തോന്നലാകാം. ആ പനിനീർപ്പൂവ് ഞാൻ കണ്ടതാണല്ലോ... അയാൾ പറഞ്ഞ വാചകങ്ങളൊക്കെ എനിക്കോർമ്മയുണ്ടല്ലോ... വെറുതെ അത്രയും വാചകങ്ങൾ എന്റെ മനസിലെങ്ങനെ തോന്നും...?

അയാളാവശ്യപ്പെട്ട 'നോവലെഴുത്ത്' ഞാനെഴുതിത്തുടങ്ങിയില്ലല്ലോ.... നോവലെഴുത്ത് മുഷിപ്പൻ ഏർപ്പാടായി തോന്നിയിരുന്ന എനിക്കിപ്പോൾ ഓർത്തുനോക്കീട്ട് എഴുതാതിരിക്കാൻ കഴിയാത്തപോലെ... മനസ്സിലെന്തൊക്കെയോ വീർപ്പുമുട്ടുന്നു. ഇനി ചെറുകഥകൾക്കവധികൊടുക്കണം.

വിശ്വട്ടേൻ ഇന്നലെക്കൊണ്ടുവന്ന പുതിയ അഞ്ചു ഡയറികൾ ഞാൻ അലമാരയിൽ വച്ചല്ലോ... ഇത്തവണ ആ ഡയറികൾ ആർക്കും കൊടുക്കണ്ട. അതിലെഴുതിത്തുടങ്ങാം..... പക്ഷെ ആ ഡയറികളിലൊതുങ്ങുമോ നോവൽ? എന്തായാലും ആദ്യം അതു തീരട്ടെ...

എനിക്ക് നല്ല ഉറപ്പുണ്ട്, നോവൽ വാങ്ങാൻ അയാൾ വരും... ഞാനെഴുതിത്തീർത്താൽ വരാതിരിക്കാനയാൾക്കാവില്ല തന്നെ....

ഇപ്പോൾ എഴുതാനെനിക്കാകെയാവേശമായി. എന്റെ ഭാവനയിൽ അയാൾ വന്നപ്പോഴുണ്ടായ ആസുഗന്ധം നിറയുന്നത് ഞാനറിയുന്നു...

# പൊരുളറിയാതെ

സ്മിത പി.എസ്.
സീനിയർ ഗ്രേഡ് ഓഡിറ്റർ, ഡയറക്ടറേറ്റ്

അവൾ ഓടുകയായിരുന്നു.
ഒരു കുന്നിൻ ചരിവിലൂടെ...................................
അവളുടെ വിളറിവിയർത്ത മുഖത്ത് നര കയറിത്തുടങ്ങിയ മുടിയിഴകൾ പറ്റിപ്പിടിച്ചിരുന്നു. സാരിത്തുമ്പ് കാറ്റിൽ പാറിപ്പറന്നു. കലങ്ങിയ വിഹ്വല നേത്രങ്ങൾക്കു മുന്നിലായി ചുവന്ന പ്രതലത്തിൽ കറുത്ത അക്ഷരങ്ങളാൽ എഴുതപ്പെട്ട ഒരു ഫ്ലാഷ് ന്യൂസ് നിരങ്ങി നീങ്ങി. “നഗരമധ്യത്തിലെ ബസ് സ്റ്റോപ്പിൽ വച്ച് പട്ടാപ്പകൽ ഒരു പെൺകുട്ടി കൂട്ടബലാത്സംഗത്തിനിരയായി".
അവളുടെ ഓട്ടത്തിന് വേഗമേറി, കഴയ്ക്കുന്ന കാലുകൾ തീർത്ത ഭാരം വഹിച്ച് അവൾ മുന്നോട്ട് കുതിച്ചു. ഉല്ലാസപൂർവ്വം പാറിനടന്ന ശലഭങ്ങൾ ചിതറി മാറി. പുല്ല് മേഞ്ഞിരുന്ന ആട്ടിൻകൂട്ടം പല വഴിക്കായി പാഞ്ഞു. സ്വൈരമായി വിഹരിച്ചിരുന്ന കാട്ടുതാറാവുകൾ ദിക്കറിയാതെ ഉഴറി.
ഇപ്പോഴവൾ ആൾത്തിരക്കില്ലാത്ത നാട്ടുവഴിയിലാണ്...

ഭ്രാന്തമായ ഓട്ടത്തിനിടയിൽ എവിടെയോ ഒരു കാലിലെ ചെരുപ്പ് നഷ്ടമായിരുന്നു. അതറിയാതെ ഒറ്റക്കാലിലെ ചെരുപ്പും വലിച്ച് അവൾ ഓട്ടം തുടർന്നു. നെറ്റിയിൽ നിന്ന് സിന്ദൂരം കലർന്ന വിയർപ്പുമണികൾ താഴെക്കുരുണ്ട് ചോരത്തുള്ളികളായവളുടെ മാറിൽ പതിച്ചു. നെഞ്ചു പൊള്ളിച്ചുകൊണ്ട് അവ അവളുടെ വസ്ത്രത്തിൽ ഒളിച്ചു. അപ്പോഴും ആ ഫ്ലാഷ് ന്യൂസ് അവളുടെ കൺമുമ്പിലുണ്ടായിരുന്നു ചുവന്ന പ്രതലത്തിലെ കറുത്ത അക്ഷരങ്ങൾ...

കറുപ്പിന് കറുപ്പ് കൂട്ടാനെന്ന വണ്ണം സൂര്യൻ കരിമേഘപടമണിഞ്ഞു. അന്തരീക്ഷത്തിന് ചൂടുകൂടി. പെയ്യാനാകാതെ വിതുമ്പി നിൽക്കുന്ന മഴമേഘങ്ങൾ. എവിടൊക്കെയോ കാക്കളുടെ കഠോരമായ കരച്ചിൽ. വായുവിൽ പച്ചമാംസത്തിന്റെ ഗന്ധം.

പെട്ടെന്ന് കൊടുങ്കാറ്റ് വീശാൻ തുടങ്ങി. അതിന്റെ ആവേഗത്തിൽ അവൾ വട്ടം ചുഴറ്റിയെറിയപ്പെട്ടു. അപ്പൂപ്പൻതാടി കണക്കെ ആകാശത്തോളമുയർന്നു പൊങ്ങിയ അവൾ പൊടുന്നനെ നിലം പതിച്ചു. ശരീരാമാസകലം പൊട്ടി ചോരയൊലിച്ചു.
ആ ചോര പുഴയായൊഴുകി കടലായ് മാറി. അതിൽ തിരമാലകൾ അലറിത്തുള്ളി. ആ തിരകളിൽ തിളങ്ങുന്ന ശ്യാമലിപികൾ.

ആ ലിപികൾ ഉറിച്ച കണ്ണുകളുള്ള ഞണ്ടുകളായി മാറി. അവ കൂർത്ത കാലുകൾ അവളുടെ കണ്ഠത്തിൽ ആഴത്തിലിറക്കി, മുറിവുകളിൽ ഉപ്പുവെള്ളമേറ്റ് നീറി ശ്വാസം കിട്ടാതെ ഹൃദയം നിലയ്ക്കുമെന്നു തോന്നി. തിരത്തള്ളലേറ്റ് നനഞ്ഞു കുതിർന്നു തളർന്ന ആ ശരീരം ഒരു പാറമേൽ ചെന്നിടിച്ച് കരയ്ക്കടിഞ്ഞു. എല്ലു പൊടിയുന്ന വേദന കടിച്ചമർത്തി വേച്ചുവേച്ചെഴുന്നേറ്റ് അവൾ വീണ്ടും ഓടാൻ തുടങ്ങി.

പെട്ടെന്നവൾക്ക് ചിറകുകൾ മുളച്ചു. ചുവന്ന ചിറകുകൾ. അവയിൽ പതിപ്പിച്ച കറുത്ത വാക്കുകൾ കഴുകന്മാരായി. അവ അവൾക്കു ചുറ്റും വട്ടമിട്ടു പറന്നു. അവയുടെ വളഞ്ഞു മൂർച്ചയേറിയ കൊക്കുകൾ അവളുടെ കരളിനെ കൊത്തിമുറിക്കാൻ തുടങ്ങി.

മുന്നിലേയ്ക്കു കുതിച്ചുപായുന്ന തീവണ്ടി........ ഓടുന്ന തീവണ്ടിക്കൊപ്പം പറക്കുകയാണവൾ.

പെട്ടെന്ന് ചുറ്റിലും രക്തവർണം പടർന്നു. കറുത്ത മുത്തുകൾപോലെ കരിവണ്ടുകൾ അവളെ പൊതിഞ്ഞു. പൊടുന്നനെ ചിറകറ്റ് പാളത്തിലേയ്ക്കു കൂപ്പുകുത്തി. തീവണ്ടി അവളെയും കടന്ന് മുന്നോട്ട് കുതിച്ചു.നഗരമധ്യത്തിലെ ബസ് സ്റ്റോപ്പ്.

അവൾ ചുറ്റിലും പകച്ച നോട്ടമെറിഞ്ഞു. എവിടെ? എവിടെയെന്റെ മാളു?

അതാ മാളു ... ഒന്നല്ല. ഒരു നൂറ് മാളുമാർ. അവർ അവളെ നോക്കി പുഞ്ചിരിക്കുകയാണ്. കൈകൾ വിടർത്തി അവളുടെ നേർക്കു ഓടിയടുക്കുന്നു. പെട്ടെന്ന് എങ്ങു നിന്നോ ഒരു മുഴക്കം. അല്ല മുരൾച്ച ഒരു പറ്റം ചെന്നായ്ക്കൾ അവരുടെ ഇടയിലേയ്ക്ക് കുരച്ചു ചാടുന്നു.

മാളുമാർ കുതറിയോടുന്നു. അരുതേ എന്ന അവളുടെ കരച്ചിൽ തൊണ്ടയിൽ പിടഞ്ഞമർന്നു. തിക്കിലും തിരക്കിലും കാൽ തെറ്റി മറിഞ്ഞു വീണ തന്റെ മാളുവിന്റെ മേലേയ്ക്ക് എല്ലാ നായ്ക്കളും പാഞ്ഞുകയറുന്നത് കാൺകെ അവൾ ബോധശൂന്യയായി. കണ്ണുകൾ മയങ്ങി അടയവേ അർധപ്രജ്ഞയിൽ അവൾ തിരിച്ചറിഞ്ഞു. ആ നായകൾക്ക് രണ്ടു കാലുകൾ വീതമേ ഉണ്ടായിരുന്നുള്ളൂ.

തുടരെയുള്ള കോളിംഗ് ബെൽ.

അവൾ ഞെട്ടിയുണർന്നു. കണ്ണുകൾ ബലമായി വലിച്ചുതുറന്നു. ദേഹമാകെ നുറുങ്ങുന്ന വേദന. കിടക്കയിൽ നിന്ന് ആയാസപ്പെട്ട് ശരീരമുയർത്തി ചുവരിൽ പിടിച്ചുപിടിച്ച് ചെന്ന് വാതിൽ തുറന്നു.

മുന്നിൽ ചിരിച്ചു നിൽക്കുന്ന മാളു.

"ഹായ് അമ്മൂട്ടി ഉറക്കമായിരുന്നോ? മുഖത്ത് ഒരോട്ട പ്രദക്ഷിണം കഴിഞ്ഞ ക്ഷീണമുണ്ടോല്ലോ? "

അവൾ കിതപ്പടക്കി ദീർഘമായി ശ്വസിച്ചു.

“അമ്മൂട്ടി ചായയ്ക്കെന്താ സ്പെഷ്യൽ?”

അവൾ ആകുലതയോടെ അവ്യക്തമായിപുലമ്പി. പക്ഷേ ആ പെൺകുട്ടി.?!!!!

# ഒറ്റവൈക്കോൽ

സി. രാജഗോപാൽ
ജോ. ഡയറക്ടർ, തൃശ്ശൂർ ജില്ല ഓഡിറ്റ് ഓഫീസ്

പച്ചിലകൾ നാമം ജപിക്കുന്ന ശാന്തമായ അന്തിനേരത്ത് ഒരു പഴുത്ത ഇല പൊഴിയുമ്പോലെ മുത്തശ്ശി യാത്രയായി. തറവാട്ടിലെ തണുപ്പ് തളംകെട്ടിയ ഇടനാഴിയിൽ വട്ടമിട്ടിരുന്ന മക്കളുടെയും മരുമക്കളുടെയും പേരക്കുട്ടികളുടെയും കണ്ണീരുപുരണ്ട നാമജപത്തിൽ സ്വയം അലിഞ്ഞു ചേർന്നതു പോലെയുള്ള അന്ത്യം. കരുണാകരൻ വൈദ്യർ എട്ടുപത്തുകൊല്ലം മുമ്പേ അതു പറയുകയുണ്ടായി, ഒരു പ്രവചനം കണക്കെ, "എടോ കൊട്ടത്തേങ്ങ ചിരട്ടേന്ന് വേറിടും പോലെ അത് പോകും. ഒരു പ്രയാസോണ്ടാവില്യ. അധ്വാനിച്ചധ്വാനിച്ച് അത്രയ്ക്ക് നീരുവറ്റിയ ദേഹല്ലെ".

കഴിഞ്ഞ മീനത്തിലേക്ക് മുത്തശ്ശിക്ക് തൊണ്ണൂറ്റിനാല് തികഞ്ഞിരുന്നു. പറ്റെ കിടപ്പിലായിട്ട് ഒരു മാസമാകുന്നേയുള്ളൂ.

അന്ന് അമാവാസിയുടെ തലേന്നാളായിരുന്നു. പുലർച്ചെ മുതൽ ശ്വാസഗതിയിൽ ഒരു മാറ്റം കണ്ടു. തറവാട്ടിൽ സ്ഥിരതാമസമുള്ള അമ്മാമയും ചെറിയമ്മയും എല്ലാവരെയും വിവരമറിയിച്ചു. ഉച്ചയോടെ വേണ്ടപ്പെട്ടവരൊക്കെ എത്തി.

തണുപ്പ് കാൽപ്പാദത്തിൽ നിന്നും പതുക്കെ മേൽപ്പോട്ടു അരിച്ചുകയറി. ശ്വാസഗതി നേർത്തുവന്നു.ചൂട് നെഞ്ചിലേക്കൊതുങ്ങിയ നേരത്ത് തുളസിയിലതുമ്പുകൊണ്ട് എല്ലാവരും വെള്ളം കൊടുത്തു. ദൂര ദേശങ്ങളിൽ ജോലിയെടുക്കുന്ന പേരക്കുട്ടികളുടെ പേരെടുത്ത് പറഞ്ഞ് ചെറിയമ്മ ആ ചുണ്ടുകളിലേക്ക് നീരിറ്റിച്ചു. ഓരോ തുള്ളി ഇറങ്ങുമ്പോഴും തൊണ്ടമുഴ പ്രയാസപ്പെട്ട് ഇളകി. പെട്ടെന്ന് ശ്വാസഗതി ഇത്തിരി ഉച്ചത്തിലായി. അടഞ്ഞുതുടങ്ങിയ കണ്ണുകൾ ഉരുട്ടിമിഴിച്ചു. അവസാന കാഴ്ചക്കായി ആയാസപ്പെട്ടു. മുത്തശ്ശിയെ തൊട്ടുതൊട്ടിരുന്ന മക്കളുടെ നാമജപം തേങ്ങലായി "ഞങ്ങളെല്ലാവരും ഇവിടെയുണ്ടമ്മേ..." അവർ ഏകശബ്ദത്തിൽ കരഞ്ഞു. ആ സമയത്താണ് ശ്രീദേവിച്ചെറിയമ്മയ്ക്ക് നെഞ്ചുവേദനയിളകിയത്. ശ്വാസം കഴിക്കാനാവാതെ അവർ പിടഞ്ഞു. കൂട്ടക്കരച്ചിലുയർന്നു. എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടായ അതേ നിമിഷത്തിൽ മുത്തശ്ശി സൂത്രത്തിൽ ദേഹം വിട്ടുപോയി. ചെറിയമ്മയ്ക്ക് പെട്ടെന്ന് സുഖമാവുകയും ചെയ്തു. മുത്തശ്ശി മുമ്പും ഇതുപോലുള്ള സൂത്രങ്ങളൊപ്പിക്കാറുണ്ട്. ചെയ്യാൻ പറഞ്ഞ ഒരു പണിയെ ചൊല്ലി മക്കൾ തമ്മിൽ തർക്കിച്ചാൽ പെട്ടെന്ന് മുത്തശ്ശിയെ കാണാതാവും. തർക്കത്തിനു നിമിത്തമായ കാര്യം ചെയ്തേ പിന്നെ അവരെ കാണൂ.

ആൺമക്കൾ ചേർന്ന് മുത്തശ്ശിയെ നിലത്തിറക്കി. പെൺമക്കൾ വെള്ള പുതപ്പിച്ചു. അരിയും നെല്ലും വളച്ചു. വിളക്കും ചന്ദനത്തിരിയും കത്തിച്ചുവെച്ചു. ഇരുട്ടിനു കനം കൂടി. ഉറക്കവും ഉരിയാടലുമില്ലാതെ മരണം പോലെ നിശ്ചലമായ രാത്രി വളർന്നു. ഇടക്കിടക്ക് പതിയെ മിന്നൽ തെളിഞ്ഞു. ദൂരെ കിഴക്കു ദിക്കിൽ നിന്ന് ഇടിമുരണ്ടു. ക്രമേണ ഇടിയും മിന്നലും ശക്തമായി. പാതിര കഴിഞ്ഞിട്ടുണ്ടാവണം, മഴ ഇരച്ചെത്തി. ഒപ്പമെത്തിയ തണുത്ത കാറ്റിൽ നിലവിളക്കിലെ നാളം ഒന്നിളകി. വൃശ്ചികമെത്തിയിട്ടും പോകാൻ മടിച്ചുനിന്ന തുലാവർഷം മുത്തശ്ശിക്കായി കാത്തുനിന്നതുപോലെ. മഴയുടെ ഇരമ്പങ്ങൾക്കിടയിൽ വേറിട്ട് ഒരു ശബ്ദം കേട്ടുവെന്നു തോന്നി. മേലെത്തൊടിയിൽ നിന്ന് ആരോ വിളിക്കുന്നുണ്ടോ?

“............ എടാ വാസ്വോ..... രാമങ്കുട്ട്യേ.... എടീ.........ദേവക്യേ.... പത്മേ...... ചന്ദ്രേ....അമ്മോ എവിടെപ്പോയി കെടക്കാ ഈ കുട്ട്യോളൊക്കെ .... ഇടീം മഴേം വരണത് കണ്ടില്ലേ.... നെല്ലും വയ്ക്കോലുമൊക്കെ ഇപ്പൊ നനയൂലോ എന്റെ ഈശ്വരാ...” മാനം കറുത്താൽപ്പിന്നെ മുത്തശ്ശിക്ക് ഒരു പിടച്ചിലാണ്. ഒരു മണിനെല്ലും നനയാതെ പത്തായത്തിലെത്തിക്കണം. ഒറ്റ വൈക്കോലും കേടുവരാതെ സൂക്ഷിക്കണം. ഒരു കൊള്ളിപോലും നനയാതെ വിറക് അടുത്ത് വെക്കണം.

എപ്പോഴും എന്തെങ്കിലും പണിയെടുക്കുന്ന നിലയിലാണ് എല്ലാവരും മുത്തശ്ശിയെ കണ്ടത്. കൃശശരീരയായ മുത്തശ്ശിയുടെ ചുമലിൽ മക്കളും പേരക്കുട്ടികളുമടങ്ങുന്ന വലിയൊരു കുടുംബത്തിന്റെ ഭാരം എന്നുമുണ്ടായിരുന്നു. പണിചെയ്യുന്ന രീതികണ്ടാൽ അധ്വാനം തന്നെ വിശ്രമം എന്നു തോന്നുമായിരുന്നു. അത്രക്കു ശാന്തവും താളപൂർണ്ണവുമായ ഒരു മുഴുകലുണ്ടായിരുന്നു എന്തിലും . ജോലിക്കിടയിൽ വർത്തമാനമില്ല. പണിക്കുടുതലിനെ ഒരിക്കലും ശപിച്ചില്ല. ടോം സേയറുടെ വെള്ളവലിപോലെ, കണ്ടുനിൽക്കുന്നവരെപ്പോലും അധ്വാനത്തിലേക്കാകർഷിക്കുന്ന എന്തോ ഉണ്ടായിരുന്നു മുത്തശ്ശിയുടെ പ്രവൃത്തികളിൽ. പകലന്തിയോളം നിവരാതെ കുമ്പിട്ടുനിന്ന് ഞാറുപറിക്കുകയും നടുകയും കൊയ്യുകയും ചെയ്യുന്ന ചിന്നവമ്മ നാട്ടുകാർക്കൊക്കെ അത്ഭുതമായിരുന്നു.

മക്കളെയും പേരക്കുട്ടികളെയുമൊക്കെ ജീവനോളം സ്നേഹിച്ചപ്പോഴും മണ്ണും നെല്ലും വയ്ക്കോലുമായിട്ടാണ് മുത്തശ്ശി കൂടുതൽ ഇടപഴകിയത്. അമ്മയുടെ അമ്മിഞ്ഞക്കു വിലക്കു വീണാൽപ്പിന്നെ കുട്ടികൾ പറ്റിക്കൂടുക മുത്തശ്ശിയിലാണ്. ഒരിക്കലും മേൽക്കുപ്പായമിട്ടിട്ടില്ലാത്ത മുത്തശ്ശിയുടെ മാറിൽ ഉണങ്ങിക്കിടന്ന അമ്മിഞ്ഞകളിൽ അവർ മതിവരുവോളം കടിച്ചുതൂങ്ങി. ആ ദേഹത്തിൽ പറ്റിനിന്നാണ് അവർ മണ്ണിന്റെയും നെല്ലിന്റെയും വയ്ക്കോലിന്റെയും ഗന്ധമറിഞ്ഞത്. നടീലും കൊയ്ത്തും മെതിയും കുടുംബത്തിലെ എല്ലാവരേയും പങ്കുചേർക്കുന്ന ആഘോഷമായിരുന്നു മുത്തശ്ശിക്ക്.

തിരുവാതിര കഴിഞ്ഞുള്ള പിൻനിലാവു കാലത്താവും തറവാട്ടിലെ മകരക്കൊയ്ത്ത് തുടങ്ങുന്നതിനു തലേന്നുതന്നെ മുത്തശ്ശി കരുവാന്റെ ആലയിൽപ്പോയി അരിവാളുകൾ മൂർച്ചയാക്കിക്കൊണ്ടുവരും. കറ്റക്കയറ് ഒരുക്കിവെക്കും. സ്വന്തം മുറുക്കാൻ പൊതി ചന്തത്തിൽ പൊതിഞ്ഞുകെട്ടും. പാതിരാക്കോഴി കൂവിയാൽ എണീക്കും. വിളക്കുവെച്ച് എല്ലാവരെയും വിളിച്ചുണർത്തും, കട്ടൻ കാപ്പി തിളപ്പിക്കും. വാങ്കു വിളി ഉയരും മുമ്പേ കൊയ്ത്തിനു പുറപ്പെടും. അരിവാളും കറ്റക്കയറുമായി മുത്തശ്ശി മുൻപേനടക്കും. പിറകെ മക്കളും പേരക്കുട്ടികളും. പരന്നുകിടക്കുന്ന പാടത്തിനുമപ്പുറം ആകാശച്ചെരുവിൽ പ്രഭാത നക്ഷത്രങ്ങൾ തിളങ്ങുന്നുണ്ടാവും. മൂത്തു പഴുക്കുന്ന നെല്ലിന്റെ ഗന്ധം മഞ്ഞിലലിഞ്ഞ് പരക്കുന്നുണ്ടാവും.

മഞ്ഞുതുള്ളിചൂടിയ നെൽക്കതിരുകൾ തോളോട്ടുതോൾചാഞ്ഞ് കൊയ്ത്തരിവാളും കാത്തുകിടപ്പുണ്ടാവും. വെയിലു മൂക്കും വരെ മാത്രമേ കൊയ്യൂ. പിന്നെ ഉച്ചവെയിലു ചാഞ്ഞ് കാറ്റോടിയ ശേഷം.

മെഴുകി ഉണങ്ങിയ ചാണകത്തിന്റെ നേർത്ത ഗന്ധമുള്ള കളമുറ്റത്ത് പിൻനിലാവു പരന്നാൽ കറ്റ മെതിച്ചു തുടങ്ങും. പുലർന്നുദിക്കുമ്പോഴേക്ക് പൊലി ഉയരും. പൊലി ഒന്നേ ഒന്നേ.... രണ്ടേ രണ്ടേ.... എന്ന് ഉറക്കെ വായ്ത്താരിയിട്ട് പറകൊണ്ട് പൊലിയളവ് തുടങ്ങും.

“.....കുട്ട്യോളെ.....എവട്യാ.... പറവെച്ചിരിക്ക്ണേ..... മാവുവെട്ടാൻ ആശാരിയെത്തി. പറനിറപ്പും വെളക്കും വെക്കണം. ആചാരപ്രകാരം തന്നെ ആയിക്കോട്ടെ "ഏതോ കാരണവർ പറയുന്നതു കേട്ടു. നേരം പുലർന്നതോടെ സംസ്കാരത്തിന് ആളുകൾ തിട്ടക്കംകൂട്ടി. പലരും ചേർന്ന് പറ തിരഞ്ഞു. “മാറാലകെട്ടി ഏതെങ്കിലും മുക്കിലിരിപ്പുണ്ടാവും”- ആരോപറഞ്ഞു. നിറചെപ്പിനു വലം വെച്ച് ആശാരി മാവിൽ മഴു കൊത്തി.

റബ്ബറു വെക്കാനായി വളപ്പിലെ മരങ്ങൾ ഒന്നാകെ മുറിച്ചു വിറ്റിരുന്നു. അമ്മാമ അപ്പോഴും ഒരു മാവുമാത്രം ബാക്കിവെച്ചു. മുത്തശ്ശിക്കുവേണ്ടി. പറമ്പിലെ മരങ്ങൾ മുറിച്ചു നീക്കി ജെ.സി.ബി ഇറങ്ങിയ കാലമായപ്പോഴേക്കും മുത്തശ്ശിയുടെ ഓർമ്മയും സ്വബോധവും നന്നേ മങ്ങിയിരുന്നു. നിത്യവും രാവിലെ കാലും മുഖവും കഴുകിച്ച് ഭസ്മം തൊട്ടുവിച്ച് വെയിലുകായാനായി മുത്തശ്ശിയെ മുറ്റത്തെ കസേരയിൽ കൊണ്ടിരുത്തുമായിരുന്നു. അന്നൊരുനാൾ രാവിടെ ജെ.സി.ബി മണ്ണിലിറങ്ങി മാന്തുന്നത് മുത്തശ്ശിയുടെ കണ്ണിൽപ്പെട്ടു. തൊടിയിലെ അനക്കം കണ്ട് കൈപ്പടം കൊണ്ട് വെയിലിനു മറപിടിച്ച് പ്രയാസപ്പെട്ട് എണീറ്റുനിന്ന് മുത്തശ്ശി കുറെനേരം സൂക്ഷിച്ചുനോക്കി. പെട്ടെന്ന് പരിഭ്രമിച്ചതുപോലെ പേരക്കുട്ടിയെ ഉറക്കെ വിളിച്ചു.

"........തൊളസ്യേ, തൊളസ്യേ....
പൂണോത്തെ കുഞ്ഞുണ്യാരടെ ആനല്ലേ അത്.....
അട്ത്തക്കൊന്നും പോണ്ട കുട്ട്യോളേ....
അതിന് പ്രാന്താണ് ട്ട്വോ.....നാലാളെ കൊന്നതാ അത്.
കരിമ്പന മൊരട്ത്തന്ന്യല്ലെ തളച്ചടക്ക്ണത്.......
ചങ്ങല നല്ലോണം കുട്ക്കീട്ട്ല്ല്യെ.... സൂക്ഷിക്കണേ......
തുമ്പി എത്ത്ണോടത്തെ തയ്യൊക്കെ അത്
നശിപ്പിക്കും.......നാരായണ.....നാരായണ..."

പഴയ ഓർമ്മകളിലാണ് മുത്തശ്ശി. വളരെ കൊല്ലങ്ങൾക്കുമുമ്പ് പറമ്പിൽ ആനയെ തളയ്ക്കുക പതിവായിരുന്നു. നിൽക്കാൻ വേണ്ടുവോളം തണപ്പും തിന്നാൻ വേണ്ടതിലേറെ പനയും ഉണ്ടായിരുന്നു അന്ന്. തട്ടുതട്ടായിക്കിടന്ന വളപ്പിന്റെ മേൽക്കരയിൽ മാവും പ്ലാവും പേരാലും കരിമ്പനയും ഇരുട്ടുകുത്തി വളർന്നു നിന്നു. താഴെഭാഗത്ത് ഇരുപ്പൂ കൃഷി ചെയ്യുന്ന പള്ള്യാലായിരുന്നു. മുത്തശ്ശൻ മരിക്കുകയും കൂട്ടുകുടുംബം വഴിപിരിയുകയും മുത്തശ്ശിക്ക് വയ്യാതാവുകയും ചെയ്തതോടെ കൃഷി നിലച്ചു.

തറവാട് ഭാഗം വെച്ചപ്പോൾ കണ്ടും ഉണ്ടമാവാതെ ഒന്നിച്ചു വിലകെട്ടിയെടുത്തത് വിദേശത്ത് ജോലിയുണ്ടായിരുന്ന അമ്മാമയാണ്. വിദേശവാസം കഴിഞ്ഞ് മടങ്ങിവന്നതോടെ വരുമാനത്തിന് മാർഗ്ഗം നിലച്ചു.

"..........വാസ്വാരെ,, തൊടിയിങ്ങനെ കാട് കെട്ടിക്കിടന്നിട്ടെന്താ കാര്യം.... മരം മുറിച്ച് വിറ്റാ നല്ലൊരു സംഖ്യ കിട്ടും നിങ്ങൾക്ക് ,പിന്നെ അതില് റബ്ബറ് അങ്ങോട്ടുവെച്ചാല് നാല് കൊല്ലം കൊണ്ട് നിങ്ങക്കൊരു വഴ്യാവും..."

നാട്ടിലെ റബ്ബറനുഭവമുള്ള പുതുക്കൃഷിക്കാർ അമ്മാമയെ തുടർച്ചയായി ഉപദേശിച്ചു. കുറെക്കാലം അമ്മാമ പിടിച്ചുനിന്നു. ഒടുവിൽ അർദ്ധമനസ്സോടെ അതുചെയ്തു.

അനേകമരങ്ങളുടെ കറപറ്റിയ മുണ്ടുടുത്ത് മൂർച്ചയുള്ള കോടാലികളും നീണ്ട കയറുമായി വെട്ടുകാർ വന്നു. മാഞ്ചുവട്ടുകളിൽ പിച്ചവെച്ചുവളർന്ന തലമുറകളുടെ ബാല്യസ്വപ്നങ്ങളും മധുര പ്രതീക്ഷകളും കൂട്ടുകെട്ടിയിരുന്ന തണൽചില്ലകൾ ഓരോന്നായി ചിറകറ്റുവീണു. മരിച്ച കാരണവന്മാരുടെ ആത്മാക്കളെപ്പോലെ മാനംമുട്ടിനിന്ന വൻമരങ്ങൾ തറവാടിനെ ഞെട്ടിക്കികൊണ്ട് മുറിഞ്ഞുവീണു. മഴുവും മണ്ണുമാന്തിയും ചേർന്ന് രണ്ടേരണ്ടു ദിവസം കൊണ്ട്, അറുത്ത് തൊലിയുരിച്ച് തലകീഴായി കെട്ടിത്തൂക്കിയ മാംസപിണ്ഡം പോലെ വളപ്പിനെ മാറ്റിത്തീർത്തു.

യന്ത്രം ചവച്ചുതുപ്പിയ മണ്ണിന്റെ ചോരച്ചുവപ്പിൽ, ചെവി തൂങ്ങിയ പൊമറേനിയൻ പട്ടികളെപ്പോലെ, വിരിഞ്ഞുചാഞ്ഞ തളിർപ്പുകളുമായി റബ്ബർ തൈകൾ പമ്മിനിന്നു. സർപ്പക്കാവ്, മുണ്ട്യേൻ തറ, പറക്കുട്ടിക്കാവ്, ചുടല എന്നിവ മാത്രം റബ്ബറിൽ നിന്നൊഴിവാക്കപ്പെട്ടു.

മുത്തച്ഛനെ സംസ്കരിച്ചതിനോടുചേർന്ന് മുത്തശ്ശിക്കും സ്ഥലം കണ്ടെത്തി. ചുടലനിലം നിറയെ കുറുന്തോട്ടിയും തൊട്ടാവാടിയും ശംഖുപുഷ്പങ്ങളും തഴച്ചുവളർന്നുനിന്നു. അവ വെട്ടിയൊതുക്കാൻ ശ്രമിക്കുമ്പോഴാണ് കണ്ടത്. ചുടലയ്ക്കു നേരെ വടക്കുമാറി റബ്ബർ ചാല് അവസാനിക്കുന്നിടത്ത് ഏഴെട്ടു നെൽക്കതിരുകൾ.

നട്ടുനനച്ച് ശുശ്രൂഷിച്ചതിനേക്കാൾ ആരോഗ്യത്തോടെ സ്വർണ്ണനിറം പകരുന്ന മുഴുത്ത കതിരുകൾ. എ പതിനഞ്ചു വർഷത്തിലധികമായി. ചുടല നിൽക്കുന്നിടത്തൊക്കെ പണ്ട് ല്ലാവർക്കും ആ കാഴ്ച വലിയ കൗതുകമായി. വളപ്പിൽ കൃഷി തീർത്തും നിലച്ചിട്ട്പതിവായി മോടൻ വിതിച്ചിരുന്നു. ചിങ്ങം പുലരുന്നതോടെ മോടൻ വിളയും. സ്വർണ്ണനിറമുള്ള കതിരു മുറിക്കാൻ തത്തകൾ പറന്നുവരും. അവ മുളങ്കൂട്ടങ്ങളിൽ പറന്നിരുന്ന് കതിരു കാലത്തിന്റെ സന്തോഷങ്ങളുമായി ഒച്ചവെയ്ക്കുമ്പോൾ മുത്തശ്ശി കുട്ടികളെയും കൂട്ടി ഓണക്കൊയ്ത്തിനിറങ്ങും. മുത്തശ്ശി ഈ മണ്ണിലേയ്ക്ക് കുമ്പിട്ടു നിന്ന് എത്രയോ ഓണങ്ങൾ കൊയ്തെടുത്തിട്ടുണ്ട്. അതൊക്കെ പഴങ്കഥ ! എന്നാൽ ഈ കതിരുകൾ ഇപ്പോഴിവിടെ ഇങ്ങനെ.....? ഒരൊറ്റ നെന്മണിയിൽ കിളിർത്തു ചിനപൊട്ടി വിളഞ്ഞ ഏഴെട്ടു കതിർകുലകൾ.

ചിത കത്തിത്തീർന്ന് നട്ടുവറ്റ് വെള്ളം കൊട്ടുത്ത് എല്ലാവരും പിരിയുന്നേരം ഭസ്മപ്പാത്തിയുടെ കാൽക്കൽ എട്ടുപത്തടി വടക്കുമാറി വിളഞ്ഞുപാകമായ ആ കതിരുകൾ മാത്രം മുത്തശ്ശിയുടെ ഓർമ്മകൾക്കു മുമ്പിൽ തലകുമ്പിട്ടുനിന്നു.

ശവദാഹം കഴിഞ്ഞ് പാടവരമ്പിലൂടെ കുളിക്കാൻ പോകുന്നനേരം ഒരു പനിമൂർച്ഛയിലെന്നപോലെ ഉള്ളിൽ ഓർമ്മകളും കാലങ്ങളും ഇളകിമറിഞ്ഞെത്തി. മുന്നിൽ നടക്കുകയായിരുന്ന അമ്മാമയോട് പറഞ്ഞു. “നമുക്ക് ആ കതിരുകൾ സൂക്ഷിച്ചുവെയ്ക്കണം. ഒരു മണിപോലും കളയാതെ അടുത്ത മഴക്കാലത്ത് യന്ത്രം ഇളക്കിമറിച്ച മണ്ണിലൊരിടത്ത് അതു വിതയ്ക്കണം. അത്രയും സ്ഥലത്തെ റബ്ബർ കളയണം. ഒരനുഗ്രഹം പോലെ ആ വിത വിളയും. അപ്പോൾ കൂടുതൽ വിത്തു വിതയ്ക്കാം. അപ്പോൾ അത്രയും റബ്ബർകൂടി കളയാം. അങ്ങിനെ...അങ്ങിനെ..” പറഞ്ഞതൊക്കെ അമ്മാമ കേട്ടുവോ എന്നറിയില്ല. അല്ല അത് പറഞ്ഞുവോ എന്നുതന്നെ നിശ്ചയമില്ല. മുന്നിൽ നടക്കുന്ന അമ്മാമയുടെ മുഖം ഒട്ടു കാണാനും വയ്യ. തോളിൽ കിടക്കുന്ന തോർത്തിന്റെ അറ്റവുമായി അന്നേരം അമ്മാമയുടെ കൈ മുഖത്തേയ്ക്കുയരുന്നതു കണ്ടു.




മലയാളം വാരാഘോഷത്തിന്റെ ഭാഗമായി ഒന്നാം സമ്മാനം ലഭിച്ച ചെറുകഥയുടെ (ഒറ്റവൈക്കോൽ) രചയിതാവ് ശ്രീ.സി.രാജഗോപാൽ, ജോയിന്റ് ഡയറക്ടർക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായ പ്രൊഫ.വി.കാർത്തികേയൻ നായർ സമ്മാനം നൽകുന്നു.

# പുനർജ്ജന്മം

*സുബി എസ്.*
*സീനിയർ ഗ്രേഡ് ഓഡിറ്റർ,*
*കൊല്ലം ജില്ല ഓഡിറ്റ് ഓഫീസ്*

നാലുകെട്ടിനെ അനുസ്മരിപ്പിക്കുംവിധം പഴയൊരു തറവാട്.
പായലുണങ്ങിപ്പിടിച്ച ഓടിട്ട മേൽക്കൂരയിലെ കമഴ്ത്തോടിനടിയിൽ പ്രാവുകൾ കൂടുവെച്ചു കുറുകി താമസിക്കുന്നു.
മുറ്റം നിറയെ കരിയിലകളും, ഒപ്പം ചുള്ളിക്കമ്പും കൊണ്ട് നിറഞ്ഞു മണ്ണിനെ കാണാൻ പറ്റാത്ത വിധം കിടക്കുന്നു.
നടുമുറ്റത്തൊരു തുളസിച്ചെടി വാടിതളർന്ന് ഒരിറ്റ് ജലത്തിനായി ചില്ലകൾ നീട്ടുന്നു.
ഒപ്പം ജമന്തിയും, വാടാമല്ലിയും കരിഞ്ഞുണങ്ങി മണ്ണിലേക്ക് മടങ്ങുവാൻ ചരിഞ്ഞു നിൽക്കുന്നു.
ഒറ്റനോട്ടത്തിൽ തന്നെ ആൾ താമസമില്ലാതെ വീടുപോലെ തോന്നിക്കുന്ന അവിടേയ്ക്ക് ഞാൻ നടന്നടുത്തപ്പോൾ കരിയിലയും, ചുള്ളിക്കമ്പും കാൽപ്പാദത്തിനിടയിൽ പെട്ട് കരഞ്ഞു തുടങ്ങി.
ആ ശബ്ദം കേട്ടിട്ടാകാം വീട്ടിനുള്ളിൽ നിന്നും ആരാത്?... എന്ന ചോദ്യമുണ്ടായത്.
ഞാനാ.........
പത്തായപ്പുരയിലെ ബൾബ് കത്തുന്നില്ലാന്നു ഇവിടത്തെ അച്ഛൻ പറഞ്ഞു. ശരിയാക്കാൻ വന്നതാ...
അതിനിവിടെ ഇപ്പോൾ അച്ഛനും, അമ്മേംല്ലാ...
പോയിട്ട് പിന്നെ വരൂ....
സംസാരം കേട്ട മുഖത്തേക്ക് അപ്പോഴാണ് ഞാനൊന്നു കണ്ണോടിച്ചത്.
ജനൽപാളിയുടെ അകത്തെ ഇരുണ്ട വെളിച്ചത്തിലും ആ മുഖം കരഞ്ഞുചുവന്നു തുടുത്തിരുന്നു...
അതുകൊണ്ടാകാം എന്റെ നോട്ടം അൽപം നീണ്ടുനിന്നതും.
അവരില്ലേല്ലെന്താ? ഞാൻ ഒന്ന് നോക്കി പറ്റുമെങ്കിൽ ശരിയാക്കി പൊയ്ക്കോളാം..
എന്റെ പറച്ചിലും, അതിക്രമിച്ചുള്ള വരവും ആ കുട്ടിയ്ക്ക് വല്ലാത്ത ദേഷ്യം ജനിപ്പിച്ചു എന്ന് വീണ്ടും ആ മുഖത്തേക്ക് നോക്കിയപ്പോൾ മനസ്സിലായി.
സഹികെട്ട രൂപത്തിൽ അൽപ്പംകൂടി ഗൗരവം വീണ്ടെടുത്തുകൊണ്ട് എന്നോട് കൽപ്പിച്ചു.
നിങ്ങളോടല്ലേ പറഞ്ഞേ പിന്നീട് വരാൻ, ഇവിടെ ഇപ്പോൾ ഞാൻ തനിച്ചേയുള്ളൂ..
ഞാനതൊന്നും ഗൗനിക്കാതെ പത്തായപ്പുര ലക്ഷ്യമാക്കി നടന്നു.
പിന്നാലെ ആ കുട്ടിയും.
ആ പത്തായപ്പുരയുടെ ഉത്തരത്തിൽ ആടിയുലയുന്ന ഒരു തൂക്കുകയറാണ് എന്നെ എതിരേറ്റത്. ആദ്യമൊന്ന് അമ്പരന്നു.
പിന്നീട് ഒരിക്കൽ കൂടി കുട്ടിയുടെ മുഖത്തേയ്ക്ക് നോക്കുമ്പോൾ എന്നെ ശപിച്ചു കൊണ്ട് കുനിഞ്ഞു നിന്നു കരയുകയാണ്.
ഈ ആൺവർഗ്ഗം സ്വസ്ഥമായിട്ട് മരിക്കാൻ കൂടി സമ്മതിക്കൂലാ...

എന്റെ എല്ലാ പ്രതീക്ഷകളും നിങ്ങൾ ഇപ്പോൾ തച്ചുടച്ചു.
തേങ്ങലിനിടയിലെ അവ്യക്തമായ ഈ വാക്കുകൾ നന്നായി ശ്രവിച്ചുകഴിഞ്ഞിട്ട് അൽപ്പനേരം കയറിട്ട് കൊരുക്കാൻ ഇട്ടിരുന്ന സ്റ്റൂളിൽ ഞാൻ ഇരിപ്പുറപ്പിച്ചു.
അല്ലെങ്കിൽ തന്നെ ചാകാൻ പോകുന്ന നിനക്കെന്തു പ്രതീക്ഷയാണുള്ളത്..?
എന്റെ ചോദ്യം അത്ര പിടിച്ചില്ല എന്ന് തോന്നി.
തീ തുങ്ങിക്കോ...
ഞാൻ ഒരു തടസ്സമാകില്ല.
മാത്രവുമല്ല ഈ തൂങ്ങിചാകുന്നത് ഞാൻ ഇതുവരെ ലൈവ് ആയിട്ട് കണ്ടിട്ടുമില്ല.
എന്നെകൊണ്ട് എന്തേലും സഹായം ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ സഹായിക്കാൻ ഞാൻ റെഡിയാണ്.
നിങ്ങൾക്കെന്താ വട്ടാണോ?
ഈ ചോദ്യത്തിന് എനിക്കുള്ള മറുപടി ഒരു നിറഞ്ഞ പുഞ്ചിരി മാത്രമായിരുന്നു.
ആടിയുലഞ്ഞ ആ മനസ്സും, ഞാനും തമ്മിൽ ഒരുപാട് സമയം സംവാദം നടത്തി.
പത്തായപ്പുരയിൽ ഉള്ളത്ത പഴയൊരു മേശയുടെമേൽ കുത്തിക്കുറിച്ചു വെച്ച നഷ്ടപ്രണയത്തിന്റെ അവസാന വരികൾ ഒക്കെയും കേട്ടുകൊണ്ടിരുന്നു.
എനിക്ക് കൂടുതലൊന്നും ആ കുട്ടിയോട് പറയാനില്ലായിരുന്നു.
അല്ലെങ്കിൽ തന്നെ എനിക്ക് പറയാനുമറിയില്ലായിരുന്നു.
ഒടുവിൽ ആ മനസ്സ് ശാന്തമാകുന്നതായി ഞാനറിഞ്ഞു.
ഈ സമയം നോക്കി ആ കുട്ടിയ്ക്ക് മുറ്റത്തെ ചെടികളേയും വാടികരിഞ്ഞ മൊട്ടുകളെയും കാട്ടികൊടുത്തു.
ഒരിറ്റ ജലത്തിനായി കേഴുന്ന വീടിന്റെ ഐശ്വര്യമായ തുളസിയിലേക്ക് കണ്ണുകളെ പറഞ്ഞയച്ചു...
ഇന്നിപ്പോൾ ഒരുപാട് ദൂരെ രണ്ടുകുട്ടികളുടെ അമ്മയായി, ഒരു വീടിന്റെ വാടാമല്ലിയായി സന്തോഷത്തോടെ തിരക്കുകളിൽ കഴിയുന്ന ആ കുട്ടി....
ഒരിക്കലും ഞാൻ മറക്കില്ല നിങ്ങളെ- എന്ന ഇടയ്ക്കൊക്കെയുള്ള തിരക്കലുകകൾ തന്നെ എനിക്ക് കിട്ടുന്ന സന്തോഷം ഇരട്ടിപ്പിയ്ക്കുന്നുണ്ട്.
ഓരോ പുനർജ്ജന്മത്തിനും ഇത്തരം ചില പിൻവിളികളുടെ സ്വരമുണ്ടാകാം...
ചുള്ളിക്കമ്പും, കരിയിലയും പൊടിയുമ്പോൾ മണ്ണിനു മാത്രമല്ല വളമാകുക ഓരോ ജന്മത്തിനും കൂടിയാകാം....

## നവനീതം

ശ്രീരാജ് വി.ജി.
സീനിയർ ഗ്രേഡ് ഓഡിറ്റർ,
കൊല്ലം ജില്ല ഓഡിറ്റ് ഓഫീസ്

മോനെ, നീ വരുന്നുണ്ടോ അച്ഛന്റെ കൂടെ പാടത്തേക്ക്. ഇന്ന് കൊയ്ത്താണ്.
ഞാനും വരുന്നു അച്ഛാ, അമ്മ തയ്യാറാക്കി തന്ന കട്ടൻ ചായ നുകർന്ന്, റേഡിയോയിലെ പ്രഭാതഭേരി കേട്ടു കൊണ്ടിരുന്ന ഞാൻ ഉത്സാഹത്തോടെ ചാടി എഴുന്നേറ്റു.
എങ്കിൽ വേഗം തയ്യാറായി വാ
അതേ, അവന് ഒൻപത് മണിക്ക് ദാസൻ സാറിന്റെ അടുത്ത് ക്ലാസ്സ് ഉള്ളതാ, അമ്മ അടുക്കളയിൽ നിന്ന് വിളിച്ചു പറഞ്ഞു.
പിന്നേ, ഒരു ദിവസം ക്ലാസ്സിന് പോയില്ലെങ്കിൽ എന്തു സംഭവിക്കാനാ, കുട്ടികളായാൽ കൃഷിയും, കൃഷിപ്പണികളും കണ്ട് പഠിച്ച് വളരണം.
പത്ത് വരെയുള്ള എഞ്ചുവടി പട്ടിക ഇന്ന് ചോദിക്കുമെന്നാ ദാസൻ സാറ് പറഞ്ഞിരിക്കുന്നത്. അഞ്ച് വരെ ഞാൻ പറഞ്ഞൊപ്പിക്കും, അതിന് ശേഷമുള്ള അക്കങ്ങളെല്ലാം എനിക്ക് ഒരു പോലിരിക്കും. ദാസൻസാറിന്റെ ചോദ്യം കൂടിയാകുമ്പോൾ ഒന്നും ഓർമ്മ വരില്ല. എന്തായാലും ഇന്നത്തേക്ക് രക്ഷപ്പെട്ടു. നാളെ ഞാറാഴ്ചയാണല്ലോ, രണ്ട് ദിവസം തിമിർത്ത് കളിക്കാം.
ഞാനും അച്ഛനും നാട്ടിൻപുറത്തിന്റെ ഇടവഴികളിലൂടെ പാടത്തേക്ക് നടന്നു. വഴിയരികിൽ, ദാമുവാശാന്റെ കടയ്ക്കടുത്തെത്തിയപ്പോൾ, അച്ഛൻ ചോദിച്ചു, നിനക്ക് മിഠായി വേണോടാ.
ചെറുനാണത്തോടെ ഞാൻ അച്ഛനെ നോക്കി ചിരിച്ചു.
ദാമുവേ, ഇവന് കുറച്ച് മിഠായി എടുത്തോ
ദാമുവാശാൻ മിഠായി ഭരണിയിലേക്ക് കൈയിട്ട്, ഒരു പിടി നാരങ്ങാ മിഠായി എടുത്ത്, ഒരു ചെറിയ വർത്തമാനപത്രത്തിൽ പൊതിഞ്ഞ് എനിക്ക് തന്നു, അതിൽ നിന്നും ഒരെണ്ണം പെട്ടെന്ന് വായിലേക്കിട്ട്, ബാക്കി നിക്കറിന്റെ പോക്കറ്റിൽ തിരുകി അച്ഛനോടൊപ്പം നടപ്പ് തുടർന്നു.
അച്ഛാ, നെല്ല് എങ്ങനാ കൃഷി ചെയ്യുന്നേ, നടപ്പിനിടയിൽ ഞാൻ ചോദിച്ചു.
മോനെ, ഇരുപ്പൂ കൃഷിയാ നമ്മൾ ചെയ്യുന്നത്. കാലവർഷം തുടങ്ങുന്നതിനു മുൻപ് മേടമാസത്തിൽ, നെൽ വിത്ത് വിതച്ച്, ചിങ്ങം-കന്നിയോടെ കൊയ്യുന്നു. അതാണ് കന്നിക്കൊയ്ത്ത്. പിന്നെ ചിങ്ങം-കന്നിയോടെ, വിതയ്ക്കുന്ന ഞാറ്, പറിച്ചു നട്ട്, ധനു-മകരമാസത്തോടെ കൊയ്യുന്നു. അതാണ് മകരക്കൊയ്ത്ത്.
ഒന്നും മനസ്സിലായില്ലച്ഛാ
മോനെ, മേടമാസമെന്നാൽ വിഷു വരുന്ന മാസം, കാലവർഷമെന്നാൽ നീ ജൂണിൽ സ്കൂളിൽ പോകുമ്പോൾ പെയ്യുന്ന മഴയില്ലേ അതാ, ചിങ്ങമാസമെന്നാൽ ഓണം വരുന്ന മാസം, മകരമാസമെന്നാൽ നിനക്ക്, ഡിസംബറിൽ ക്രിസ്തുമസ് അവധിയല്ലേ, ആ മാസം, അതായത്, വിഷു വരുന്ന മാസം നമ്മൾ നെൽ വിത്ത് വിതച്ച്, ഓണം വരുന്ന മാസം കൊയ്യുന്നു. പിന്നെ പാടം വൃത്തിയാക്കി, ഞാറ് പറിച്ചു നട്ട്, ഡിസംബർ-ജനുവരി മാസം കൊയ്യുന്നു. ഇപ്പോൾ നിനക്ക് മനസ്സിലായോ.

മനസ്സിലായി
എങ്കിൽ പറയൂ. ഇപ്പോൾ ഏത് കൊയ്ത്ത്.
കന്നിക്കൊയ്ത്ത്.
കൊള്ളാം മോനേ
ഞങ്ങൾ നടന്ന്, പാടത്തിനോട് ചേർന്നുള്ള തെങ്ങിൻതോപ്പിനടുത്തെത്തി. അപ്പോഴേക്കും കൊയ്ത്തിന് തയ്യാറായി എല്ലാവരും എത്തിയിരുന്നു.
ഗോപാലാ, എല്ലാവരും എത്തിയില്ലേ, നമുക്ക് കൊയ്ത്ത് തുടങ്ങിയാലോ
പിന്നെന്താ, സന്തോഷത്തോടെ ഗോപാലേട്ടൻ പറഞ്ഞു.
തോളത്തിട്ടിരുന്ന തോർത്ത്, തലയിൽ കെട്ടി, അച്ഛൻ കൊയ്ത്തിന് തയ്യാറെടുത്തു.
മോനെ, നീ വരമ്പത്തിരുന്ന് കൊയ്യുന്നത് കണ്ടോ.
മറ്റുള്ളവരോടൊപ്പം അരിവാളുമായി അച്ഛൻ പാടത്തേക്കിറങ്ങി നെല്ല് കൊയ്യാൻ തുടങ്ങി. പാടത്തെ വെള്ളത്തിൽ നീന്തി തുടിക്കുന്ന മാനത്തു കണ്ണികളെയും, വരമ്പത്തെ മാളത്തിൽ നിന്ന് ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന ഞണ്ടുകളെയും, നത്തയ്ക്കകളെയും, പാടത്തേയ്ക്ക് പറന്നിറങ്ങുന്ന കൊക്കുകളെയും നോക്കി കൗതുകത്തോടെ ഞാനിരുന്നു. നെല്ല് കൊയ്യുന്നത് കണ്ട് കുറച്ച് നേരമിരുന്നപ്പോൾ, എനിക്കൊരാഗ്രഹം തോന്നി. പാടത്തെ വെള്ളം തട്ടിത്തെറിപ്പിച്ച്, ഞാൻ അച്ഛനടുത്തേയ്ക്ക് ഓടി ചെന്നു, അച്ഛാ എനിക്കും കൊയ്യണം. ഒരു ചെറു പുഞ്ചിരിയോടെ, എന്റെ കുഞ്ഞിക്കൈകൾ ചേർത്ത് പിടിച്ച്, അച്ഛൻ നെല്ല് കൊയ്യാൻതുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ ഞാൻ കൊയ്ത നെൽകതിർ കൊണ്ട് ഒരു ചെറു നെൽകറ്റ കെട്ടി തന്നു. വെയിലിന് ചൂടേറിയതോടെ, പാടത്തിന്റെ പകുതിയോളം കൊയ്ത്തു തീർന്നു. ചിങ്ങമാസത്തെ വെയിലും, കാറ്റും കൊണ്ട്, നെല്ല് കൊയ്യുന്നതും നോക്കി ഞാൻ ആ പാടവരമ്പത്തിരുന്നു.
ഒരു യന്ത്രത്തിന്റെ മുരൾച്ചയാണ് എന്നെ ചിന്തകളിൽ നിന്ന് ഉണർത്തിയത്. അങ്ങകലെ ഒരു മണ്ണുമാന്തി യന്ത്രം ഏതോ വികസന പ്രവർത്തനം നടത്തുകയാണ്. ഞാൻ മുന്നിലേക്ക് നോക്കി, കേവലം രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ്, അച്ഛനോടൊപ്പം നെല്ല് കൊയ്ത പാടം ഇന്ന് ഒരു ഊഷരഭൂമിയായി മാറിയിരിക്കുന്നു. പാടത്തെ വെള്ളത്തിൽ നീന്തി തുടിക്കുന്ന മാനത്തു കണ്ണികളില്ല, വരമ്പത്തെ മാളത്തിൽ നിന്ന് ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന ഞണ്ടുകളില്ല, നത്തയ്ക്കകളില്ല, പാടത്തേയ്ക്ക് പറന്നിറങ്ങുന്ന കൊക്കുകളുമില്ല. ഒരു തുള്ളി ജലം പോലും അവശേഷിക്കാത്ത, പ്ലാസ്റ്റിക്ക് കവറുകൾ പാറിപറക്കുന്ന, വരണ്ടുണങ്ങിയ വിണ്ടുകീറിയ ഭൂമി.
കുഞ്ഞ് എപ്പോഴാ എത്തിയേ, പിന്നിൽ നിന്നുള്ള വിളി കേട്ട് ഞാൻ തിരിഞ്ഞു നോക്കി.

ഗോപാലേട്ടനോ, രണ്ട് ദിവസമേ ആയുള്ളു, ചേട്ടാ കുഞ്ഞ്, പുറം നാട്ടിലേക്ക് പോയിട്ട് കുറെയായില്ലേ പതിനഞ്ച് വർഷം കഴിഞ്ഞു ഗോപാലേട്ടാ

ഗോപാലേട്ടന് ഓർമ്മയുണ്ടോ ഞാൻ അച്ഛനോടൊപ്പം, ഈ പാടത്തിറങ്ങി നെല്ല് കൊയ്തത്. പാടത്ത് വിളഞ്ഞു നിൽക്കുന്ന നെൽക്കതിർ കാണാനും, പറ്റുമെങ്കിൽ പാടത്തിറങ്ങി കൊയ്യാനും വെറുതെ ഒരു ആഗ്രഹം ഗോപാലേട്ടാ, പക്ഷേ.......

എന്റെ ശബ്ദത്തിലെ പതർച്ച കേട്ടിട്ടെന്നോണം ഗോപാലേട്ടൻ പറഞ്ഞു.
ഞാൻ എന്തു പറയാനാ കുഞ്ഞേ. ഇടക്കാലത്ത് വെച്ച് എന്തോ കരാറിന്റെ പേര് പറഞ്ഞ് പുറംനാട്ടുകളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ എത്താൻ തുടങ്ങി. അതോടെ കൃഷി നഷ്ടത്തിലായി. മുതൽമുടക്കിന്റെ നാലിലൊന്നു പോലും തിരികെ കിട്ടാത്ത അവസ്ഥയായി. പലരും കൃഷി ഉപേക്ഷിച്ചു. പാടങ്ങൾ തരിശിടാൻ തുടങ്ങി. കൃഷിപ്പണി ചെയ്തു ജിവിച്ചിരുന്ന എന്നെപ്പോലുള്ളവർക്ക് പട്ടണത്തിൽ മറ്റ് ജോലികൾ അന്വേഷിച്ചു പോകേണ്ടി വന്നു. കുഞ്ഞേ, എന്നിട്ട് ഇപ്പോൾ എന്തായി സ്ഥിതി, ഒരു കിലോ അരിയുടെ വിലയെത്രയായി, പുറനാട്ടുകളിൽ നിന്ന് അരി വന്നില്ലെങ്കിലുള്ള സ്ഥിതി എന്താകും.

ഏത് പുത്തൻ ആഗോള സാമ്പത്തിക സമവാക്യങ്ങളായാലും ഏത് കരാറായാലും, അവ തകർത്തെറിഞ്ഞത് ഞാൻ ജനിച്ചു വളർന്ന കാർഷിക സംസ്കാരം മാത്രമല്ല, ഒരു ജൈവ ആവാസവ്യവസ്ഥ കൂടിയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു.

കുഞ്ഞേ, പശുവിന് തീറ്റ കൊടുക്കാൻ സമയമായി, ഞാൻ അങ്ങോട്ട് ചെല്ലട്ടെ, കാണാം.
ശരി ഗോപാലേട്ടാ

കാർഷിക കേരളത്തിന്റെ സമ്പത്തായിരുന്ന ആ മനുഷ്യൻ നടന്നകലുന്നത് ഞാൻ കുറച്ചു നേരം നോക്കി നിന്നു. തെല്ല് വിഷാദത്തോടെ ഞാൻ തിരികെ നടക്കാൻ തുടങ്ങി. ഒരു കുട്ടി എതിരെ വരുന്നത് ഞാൻ ശ്രദ്ധിച്ചു. അവൻ എന്നെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു.
എന്താ മോനെ നിന്റെ പേര്
നവനീത്
നീ, ഏത് ക്ലാസ്സിലാ പഠിക്കുന്നത്
ഏഴാം ക്ലാസ്സിലാ
എന്താ നിന്റെ കൈയ്യിൽ ഒരു പൊതി
പച്ചക്കറി വിത്തുകളാ, സ്കൂളിൽ നിന്ന് തന്നതാ
പച്ചക്കറിവിത്തുകളോ
വീട്ടിൽ കൊണ്ട് പോയി കൃഷി ചെയ്യാൻ തന്നതാ, നല്ലോണം കൃഷി ചെയ്യുന്നവർക്ക് സമ്മാനം ഉണ്ടെന്നും സാറ് പറഞ്ഞു.

നിനക്ക് കൃഷി ചെയ്യാൻ ഇഷ്ടമാണോ പിന്നെ, നമ്മൾ നട്ടന്ന വിത്തുകൾ, കിളിച്ച് അതിൽ നിന്നും പൂവും കായ്കളും ഉണ്ടാകുന്നത് കാണാൻ എന്തു രസമാ. പച്ചക്കറി കൃഷിയിൽ വിജയിച്ചാൽ, അടുത്തതായി തരിശ്ശു കിടക്കുന്ന പാടങ്ങൾ പാട്ടത്തിനെടുത്ത് നെൽകൃഷി ചെയ്യാമെന്നും സാറ് പറഞ്ഞിട്ടുണ്ട്. പാടത്തിറങ്ങി ഞാറ് നടാനും, നെല്ല് കൊയ്യാനുമൊക്കെ എന്തു രസമായിരിക്കുമല്ലേ ?

ഞാൻ അവന്റെ കണ്ണുകളിലേക്ക് നോക്കി, കേരളത്തിന്റെ ഹരിത ഭൂപടം അവന്റെ കണ്ണുകളിൽ പ്രതിഫലിക്കുന്നത് എനിക്ക് കാണാമായിരുന്നു.

അവനെ തലോടി മുന്നോട്ട് നടക്കവെ, ഏഴാം ക്ലാസ്സിൽ മിനിക്കുട്ടി ടീച്ചർ പഠിപ്പിച്ചു തന്ന മഹാകവി ഉള്ളൂരിന്റെ വരികൾ മനസ്സിലേക്കോടിയെത്തി.

"പാരം കരിമ്പ് പനസം മുളകേലമിഞ്ചി
കേരം കവുങ്ങ് തളിർ വെറ്റില ഏത്തവാഴ
ഈ രമ്യ വസ്തുതതി ചേർന്നു വിളങ്ങുമീനൽ
പാരഗ്ര കൽപ്പതരുമണ്ഡിത നന്ദനാഭം".

## ചില ഓഡിറ്റ് ചിന്തകൾ

ഷൈമാ കുമാരി എസ് എൽ
ഓഡിറ്റ് ഓഫീസർ
കണ്ണൂർ സർവ്വകലാശാല

അന്ന് പതിവിലും നേരത്തെ എഴുന്നേറ്റു. ഉണർന്ന ഉടനെ ഓർത്തെടുത്തത്, ഇന്ന് പഞ്ചായത്തോ നഗരസഭയോ എന്നാണ്.... മക്കളെ സ്കൂളിലേക്ക് വിട്ട് ഉടൻ പുറപ്പെടണം. കുളിച്ച് കറി തൊട്ടു ഉള്ളതിൽ വച്ച് ഏറ്റവും നല്ല വസ്ത്രം തന്നെ തെരഞ്ഞെടുത്തു. ഫസ്റ്റ് ഡേ ഈസ് ദി ബെസ്റ്റ് ഡേ എന്നല്ലേ പ്രമാണം... മേക്കപ്പ് ഒട്ടും കുറച്ചില്ല. ഓ്രാ... ലാപ്ടോപ്പ് അതെടുത്ത് ചുമലിൽ വച്ചു. കണ്ണാടിയിൽ ഒന്നുകൂടി നോക്കി ..... കട്ടി പുറന്തോടുമായി ഒരു കരയാമ... ഇഴഞ്ഞുനീങ്ങാൻ വരട്ടെ. കുതിരയെപ്പോലെ കുതിക്കണം. ഓണാഘോഷവേളയിൽ ഓഡിറ്റ് വകുപ്പിന്റെ നിശ്ചലചിത്രം ഫെയിം കുതിരയെ മനസ്സിൽ ധ്യാനിച്ച് ഒറ്റ കുതിപ്പ്..... എന്നിരുന്നാലും എല്ലാ ഫയലുകളും കടിച്ച് നോക്കി ചവച്ചിറക്കി നൂറു ശതമാനം ഓഡിറ്റ് ചെയ്യുന്ന നമ്മൾ ശരിക്കും ആടുകൾ അല്ലേ.... ഒരു മുട്ടനാട്.... എല്ലാ ചെടിയുടെ ഇലകളും കടിച്ച് തിന്ന് ഏറ്റവും വിശിഷ്ടമായ ആട്ടിൻ പിട്ടകൾ പുറത്തേയ്ക്ക് നിക്ഷേപിക്കുന്ന മുട്ടനാട്... മനസാകുന്ന ആട് അങ്ങനെ അലഞ്ഞുനടന്നു..... ബസിലെ സീറ്റിന്റെ പതുപതുപ്പിൽ ഞാൻ സ്വപ്നങ്ങളിലേയ്ക്ക് ഊർന്നിറങ്ങി.

അന്നു ഞാൻ ഓഡിറ്റിൽ പുതുമുഖം ... അഞ്ചോ ആറോ പേരടങ്ങുന്ന ഓഡിറ്റ് ടീം. ഒറ്റ വർഷത്തെ ഓഡിറ്റാണ്. കല്യാണ നിശ്ചയക്കാർ കണക്കെ പഞ്ചായത്തിലേയ്ക്ക് ഇടിച്ച് കയറി. ഇതാ ഓഡിറ്റ് ആരംഭിച്ചിരിക്കുന്നു. വർഷങ്ങളായി ആരും തൊടാത്ത രസീതു ബുക്കുകൾ എന്റെ ചുറ്റും കൂടാരം തീർത്തു. ഞാൻ രസീതു ബുക്കുകളിൽ പെയിന്റടിക്കാൻ ആരംഭിച്ചു. മറ്റുള്ളവർ ഫയലിനുള്ളിലേയ്ക്കു ഊളിയിട്ടു. എങ്ങും നിശബ്ദത ചെറിയ കുശപിശ കേട്ടാണ് തല ഉയർത്തി നോക്കിയത്. ഓഡിറ്റ് ഓഫീസറുടെ ചുറ്റും സെക്രട്ടറിയും പരിവാരങ്ങളും വട്ടം കൂടിയിരിക്കുകയാണ്....

എന്താണു പ്രശ്നം ???????????

പ്രശ്നം ഗുരുതരം !!!!!!!!!!!!!

ബിറ്റുമെൻ വാങ്ങിയ ബിൽ കാണാനില്ല. ബിറ്റുമെനോ... എന്താണത് എനിക്കൊന്നും പിടികിട്ടിയില്ല. അത് ടാർ..... നമ്മുടെ സ്വന്തം ടാർ.... സഹപ്രവർത്തകന്റെ വിശദീകരണമാണ്. അദ്ദേഹം വീണ്ടും ഫയലിനുള്ളിലേയ്ക്ക് തല പൂഴ്ത്തി. അപ്പോൾ അങ്ങേരെ ഒരു ഒട്ടകപ്പക്ഷിയെപ്പോലെ തോന്നിച്ചു.

“അഞ്ചു ലക്ഷത്തിന്റെ വൗച്ചറാണ് ഞാനിതു ഒബ്ജക്ട് ചെയ്യും. പിന്നെ തുക ഡിസ് അലൗ ചെയ്ത് സർചാർജ്ജ് ചെയ്യും"

എന്റമ്മോ..... ഓഡിറ്റ് ഓഫീസർ അമ്പിനും വില്ലിനും അടുക്കുന്നില്ല. അങ്ങേർ ഒറ്റ ഇരിപ്പാണ്. ഓഡിറ്റ് തന്നെ നിർത്തിവെച്ചിരിക്കുകയാണ്. ആൾ ചൂടനാണ്. എന്തോ കാര്യമായി സംഭവിക്കാൻ പോകുന്നു. ഒബ്ജക്ഷൻ.. ഡിസ്അലവൻസ്... സർചാർജ്ജ് ... എനിക്കാകെ തല കറങ്ങുന്നതുപോലെ തോന്നി.

ഏതായാലും സെക്രട്ടറിയും ജീവനക്കാരും പേടിച്ചു. അവർ പഞ്ചായത്തു മുഴുവൻ തിരയാൻ തുടങ്ങി. കാണെ കാണെ അവർക്ക് എലികളായ് രൂപമാറ്റം വരുകയും പഞ്ചായത്തു മുഴുവനും ഓടിനടക്കുകയും ചെയ്തു. ഇതിനിടെ ഫയലിൽ നിന്നും ഇടയ്ക്കിടെ ഒട്ടകപക്ഷി തല ഉയർത്തുകയും ആരെയും കാണിക്കാതെ എന്തൊക്കെയോ കുത്തിക്കുറിക്കുകയും ചെയ്തു. ബാഗിൽ നിന്നും ഡയറി എടുത്ത് സർക്കാർ ഉത്തരവുകൾ ചികഞ്ഞെടുക്കുന്നു. അങ്ങേർക്ക് കാര്യമായി എന്തോ തടഞ്ഞിട്ടുണ്ട്. ദിവസങ്ങൾ കൊഴിഞ്ഞുപോയി. ഓഡിറ്റ് തീരാറായിരിക്കുന്നു.

ബില്ലെവിടെ ????????? അന്ത്യശാസനം വന്നുകഴിഞ്ഞു.

എഞ്ചിനീയർ അവധിയിലാണ് സാർ !!!!!

അതൊന്നും നമുക്കറിയേണ്ട... 5 ലക്ഷം തിരിച്ചടക്കേണ്ടിവരും!

ജനന-മരണ സർട്ടിഫിക്കറ്റിനു വേണ്ടിയും നികുതി അടക്കാനുമായി കാത്തുനിൽക്കുന്ന മാലോകരെ ജീവനക്കാർ ഓടിച്ചുവിട്ടു.

ഇവിടെ ഓഡിറ്റ് നടക്കുകയാണ്... പോയി വേറെ ദിവസം വായോ....

മാലോകർ കാക്കകളെ പോലെ പറന്നുപോകുകയും തെല്ലുദൂരം പിന്നിട്ട് വീണ്ടും തിരിച്ചുവരുകയും ചെയ്തു. ആകെ ബഹളമയം. എഞ്ചിനീയർ വരുമോ.. ഞാൻ ആലോചിച്ചു. വരും വരാതിരിക്കില്ല.

ആറാം നാൾ അവസാനനാൾ... ഒരു ശനിയാഴ്ച സുപ്രഭാതം.. പഞ്ചായത്ത് ഗേറ്റിനു മുൻപിൽ ചുവന്ന കാർ വന്നു നിന്നു.

വന്നു.... കണ്ടു...... കീഴടക്കി.

എഞ്ചിനീയർ വനിതയാണ്... പോരാത്തതിനു ഗർഭിണിയും...പൂർണ്ണ ഗർഭിണി..!!!!

ആരോ താങ്ങിപ്പിടിച്ച് അവരെയും അവർ ചൂണ്ടിക്കാട്ടിയ ഫയലും ഓഡിറ്റിനു മുൻപിൽ ഹാജരാക്കി.

ദാ..ബില്ല്...അവർ ബില്ല് ഉയർത്തിക്കാട്ടി. പിന്നീട് കസേരയിലേയ്ക്കു ചാഞ്ഞു.

ഒബ്ജക്ഷൻ ഡ്രോപ്ഡ്!!!!!!

ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന ഓഡിറ്ററെ നോക്കി ഓഡിറ്റ് ഓഫീസർ കൈ മലർത്തി. മഹത്തായ ഓഡിറ്റിന്റെ ആറാം ദിവസവും ഞാൻ രസീതു ബുക്കുകളിൽ പെയിന്റടി തുടർന്നു കൊണ്ടിരുന്നു. രസീതു ബുക്കുകൾ എനിക്കു ചുറ്റും വാത്മീകം തീർത്തു. ഒടുവിൽ ആ വാത്മീകം ഭേദിച്ച് ഞാൻ മഴപ്പാറ്റയായ് പറന്നുയർന്നു.

അപ്പോഴേക്കും ബസ് പഞ്ചായത്ത് ഓഫീസിനു മുൻപിൽ എത്തിയിരുന്നു. ഓഡിറ്റ് ഇതാ ആരംഭിക്കാൻ പോകുന്നു. ഞാൻ ലാപ് ടോപ് എടുത്ത് മുന്നിലേയ്ക്ക് വച്ചു. ഓൺലൈൻ ദൈവങ്ങൾ എന്നിൽ പ്രസാദിച്ചു. ലോകം എന്റെ കൈക്കുമ്പിളിൽ...

കുറിപ്പ്:- ഈ കഥയിലെ കഥാപാത്രങ്ങൾക്ക് ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയ ആരുമായും ബന്ധമില്ല.

## കറുപ്പും വെളുപ്പും

ജിനേഷ് വി.എം.
ഓഡിറ്റ് ഓഫീസർ, ഡയറക്ടറേറ്റ്

ഓട്ടോയിൽ നിന്നിറങ്ങി വലിയ ഭാവവ്യത്യാസമൊന്നുമില്ലാതെ തന്നെ അവൾ ആശുപത്രിയിലേയ്ക്ക് നടന്നു. ഡ്രൈവർ രവി തെല്ലതിശയത്തോടെ ആ പോക്ക് നോക്കി നിന്നു പോയി. എന്തൊരു പെണ്ണാണിവൾ......പൂർണ്ണ ഗർഭിണിയാണ്. മിക്കവാറും ഇന്നു തന്നെ അവൾ പ്രസവിക്കും. എങ്കിലും തെല്ലും പതർച്ചയില്ല അവൾക്ക്. കാട്ടുവഴിയിലെ പാതിയാത്രയിലെവിടെയോ വച്ച് ഓട്ടോ കൈകാണിച്ച് കയറിയപ്പോൾ മുതൽ ശ്രദ്ധിക്കുന്നതാണ് പെണ്ണിന്റെ ഈ കൂസലില്ലായ്മ.

എത്ര വയസ്സായിട്ടുണ്ടാവും അവൾക്ക്........?
ഏറിയാൽ പതിനേഴ് ....അല്ലെങ്കിൽ പതിനെട്ട്. അവളുടെ കണ്ണുകളും ചെറിയ നുണക്കുഴിയും അത് വിളിച്ച് പറയുന്നുണ്ട്.

ഇന്നത്തെ കന്നിയോട്ടം കാലിക്കടിച്ചല്ലോയെന്ന് മനസ്സിലോർത്ത് ഓട്ടോ തിരിക്കാൻ തുടങ്ങിയപ്പോൾ രവി വീണ്ടും അവളെ കണ്ടു.

ആശുപത്രിയുടെ മുറ്റത്ത് തന്നെ നിൽക്കുകയാണവൾ. അകത്തേയ്ക്ക് കയറിയിട്ടില്ല.

രവി എന്തേയെന്ന് ആംഗ്യം കാട്ടി.

പെണ്ണ് അനക്കമില്ലാതെ അതേ നിൽപ്പ് തന്നെ.

രവിക്ക് ആകെ രസം കയറി. എൻജിൻ ഓഫ് ചെയ്ത് അയാൾ പുറത്തിറങ്ങി. ഉള്ളിൽ ഒരു നീരുറവ പൊട്ടിയൊലിച്ച് വരുന്നത് അയാൾക്ക് മനസ്സിലായി. അലിവിന്റെ.....കരുണയുടെ ആർദ്രപ്രവാഹം.

രവി ആശുപത്രിക്കകത്തേയ്ക്ക് ചെന്നു.

സൗകര്യങ്ങൾ തീരെ കുറഞ്ഞ ഒരു ആശുപത്രിയായിരുന്നു അത്. തീരെ ചെറുതല്ലാത്ത ആൾക്കൂട്ടം ഇപ്പോൾത്തന്നെ അവിടെയുണ്ട്. കറുത്തു തടിച്ച ഒരു നഴ്സ് രോഗികളുടെ വിശദാംശങ്ങളെഴുതുകയാണ്.

"ഇവിടെ നിന്നോ.... ഞാൻ ചീട്ടെഴുതാനുള്ള പേപ്പർ വാങ്ങീട്ട് വരാം......"പെണ്ണിനെ ക്യൂവിൽ നിർത്തി ഡ്രൈവർ പുറത്തേയ്ക്ക് പോയി.

"എന്താടി നിന്റെ പേര്?" അവളുടെ ഊഴമെത്തിയപ്പോൾ നഴ്സ് ചോദിച്ചു.

"ശാന്ത"

എഴുതുന്നത് നിർത്തി അവളുടെ നിറവയറിനെ ആകെയൊന്നുഴിഞ്ഞു നോക്കിയിട്ട് നഴ്സ് ഒന്നുകൂടി ശബ്ദം കടുപ്പിച്ചു.

"തന്തയൊണ്ടോടീ.....ഇതിന്.....?" ഒരു വഷളൻ ചിരി ചിരിച്ചിട്ട് അവർ ശബ്ദമൊന്നു മയപ്പെടുത്തി:-

"അവനാണോ..... ആ ഓട്ടോക്കാരൻ?"

ശാന്ത മിഴിച്ചു നിന്നു.

താഴ്വരകളിൽ നിന്നും കാടുകയറി വരുന്ന തണുത്ത

കാറ്റിനെയാണ് അവൾക്ക് ആദ്യം ഓർമ്മ വന്നത്. ബലിഷ്ഠമായ കൈകളും കരുത്തുറ്റ പേശികളുമുള്ള കാറ്റ് ......

അവർ അഞ്ചാറ് പേരുണ്ടായിരുന്നു.

ഒരൊഴുക്കിൽ പാതി വിടർന്ന തന്റെ ശരീരത്തിലൂടെ രാജസർപ്പങ്ങളെപ്പോലെ പിണഞ്ഞ് തഴുകി കാറ്റ് കടന്നു പോയി. ഒരു കുപ്പി കള്ളും നീലചടയന്റെ ഒരു കെട്ടുമായിരുന്നു അച്ഛനുള്ള ദക്ഷിണ. ലായത്തിന്റെ കതക് തുറന്ന് എന്നെ അകത്തേയ്ക്ക് തള്ളിയതും അച്ഛൻ തന്നെ.....

കാടിന്റെ ഉടമ നാട്ടുവാഴുന്ന തൊലിവെളുത്ത തമ്പ്രാക്കൻമാരാണത്രേ......

അതായിരുന്നു ന്യായം.

ഒട്ടുവിലത്തെ കാറ്റും സീൽക്കാരമടക്കി പിൻവാങ്ങിയപ്പോൾ മനസ്സു നിറയെ ശൂന്യതയായിരുന്നു. തിരുമുറിവുകളിൽ വിയർപ്പ് പുരണ്ടപ്പോൾ വേദനയുടെ കനൽപ്പൂവുകൾ വിടർന്നത് അവളറിഞ്ഞില്ല. കാട്ടുപെണ്ണിന് സഹജമായ ഒരു നിസ്സംഗതയുണ്ട്. വന്യതകൾക്ക് മുൻപിൽ ഉലയാതെ നിൽക്കുന്ന ഉൾക്കരുത്ത്.

"പേര് പറ കൊച്ചേ......എനിക്ക് വേറെ പണിയുള്ളതാ...."

ആത്മാവിനേയും ശരീരത്തിന്റെ ആന്ദോളനങ്ങളെയും ആകെയുണർത്തിയ കാറ്റിന്റെ മുഖം ഓർത്തെടുക്കാൻ അവൾ ആവത് ശ്രമിച്ചു. പക്ഷെ സാധിച്ചില്ല.

ഇരുട്ടിൽ ഒന്നിനു പിറകെ ഒന്നായി കയറി വന്ന ആറു കാറ്റിനും മുഖമുണ്ടായിരുന്നില്ല. എങ്കിലും തീച്ചാമുണ്ടിക്കോലത്തിന്റെ രൗദ്രവേഗമൊഴിഞ്ഞപ്പോൾ നെറുകയിലുമ്മവച്ച രണ്ടാമൂഴക്കാരനെ ഓർമ്മ വരുന്നു.

ഉള്ളിൽ ജീവന്റെ വിത്തു പാകാൻ ഒഴുകിയൊലിച്ചുവന്ന പരമാണുവിന്റെ ഉറവിടം അയാളാവണം....പക്ഷെ ഉറപ്പില്ല.

പെണ്ണിന് ഭാരം ചുമക്കാൻ മാത്രമാണത്രേ വിധി. ചുമടിന്റെ ഉറവിടമറിയേണ്ടതില്ല.

"ചോദിച്ചത് കേട്ടില്ലേടീ....."ഏതാണ്ട് അലറുന്നത് പോലെ നഴ്സ് ചോദ്യമാവർത്തിച്ചു.

ഒരു ഞെട്ടലോടെ ശാന്ത കണ്ണു തള്ളി നിന്നു.

"അല്ലെങ്കിൽ വിത്തേതെന്നറിയാൻ ഞാനെന്തിനാ കവടി നിരത്തുന്നത്. കോരൻ..... അനുമതി. ഭർത്താവിന്റെ പേര് കോരൻ..... കേട്ടല്ലോ......" തുടർന്ന് കൂടി നിന്ന ആളുകളോട് നഴ്സ് ഒരു പ്രഖ്യാപനം തന്നെ നടത്തി-

“ഇവരുടെ ഊരിലെ ലേറ്റസ്റ്റ് ഫാഷൻ പേരാ......”

കൂട്ടച്ചിരി മുഴങ്ങുന്നതും ആളുകൾ അറപ്പോടെ തന്റെ വയറിലേയ്ക്ക് നോക്കുന്നതും ശാന്ത കണ്ടില്ലെന്ന് നടിച്ചു.

ചീട്ട് നീട്ടിപ്പിടിച്ചു നിന്ന ഡ്രൈവറോട് നഴ്സ് ശകലം കൂടി കടുപ്പിച്ചു.

“എവിടുന്നാടോ രവീ.....നീയിതിനെയൊക്കെ തപ്പിയെടുത്തോണ്ട് വരുന്നത്..”

“വഴീന്ന് കിട്ടിയതാ സാറെ ..... പരുവം കണ്ടപ്പോ കളയാൻ തോന്നിയില്ല........”

“എല്ലാത്തിനേം നീ ഇങ്ങോട്ട് തന്നെ കെട്ടിയെടുത്തോണം.....”

- രവി തല ചൊറിഞ്ഞ് നിന്നു. -

“ദേ ആ സ്റ്റെച്ചറിൽ പോയി കിടന്നോടീ... ഇവിടെ ബെഡ്ഡൊന്നും ഒഴിവില്ല......”

“രവീ.... ഡോക്ടർ വരാൻ താമസിക്കും. അങ്ങേരേതാണ്ട് പ്രതിഷേധയോഗത്തിൽ പ്രസംഗിക്കാൻ പോയിരിക്കുവാ....വടക്കേതാണ്ട് നാട്ടില് ഒരു കൊച്ച് കടലീ വീണ് ചത്തത്രേ.....”

പാളികളിളകിപ്പോയ ഒരു ജനാലയോട് ചേർന്നാണ് സ്റ്റെച്ചർ കിടന്നിരുന്നത്. അതിന്മേൽ കിടന്നാൽ ചെറിയ വലിപ്പത്തിൽ തീക്ഷ്ണമായ ആകാശത്തെ കാണാം

ഇലച്ചാർത്തുകൾക്ക് മുകളിലേയ്ക്ക് കാറ്റ് തഴുകിയെത്തുന്നത് ശാന്ത കണ്ടു.

കാറ്റ് ......

ഇരുട്ടിൽ നെറുകയിൽ വീണ നനുത്ത ചുംബനം ഓർമ്മ വരുന്നു. ഉടലിലെ ഗിരിഗഹ്വരങ്ങളിലേയ്ക്ക് തീക്ഷ്ണ ബാണങ്ങളെയ്തു വിട്ട കാറ്റ്...........ജന്മാന്തരങ്ങൾക്ക് മുമ്പേ നാരായം കൊണ്ട് തലക്കുറികളെഴുതിവച്ചവൻ പറഞ്ഞു വിട്ടതാവണം..... ഉള്ളിൽ അനുനിമിഷം വളരുന്ന ഒരു ജീവാണുവിനെ നിക്ഷേപിച്ച് കർമ്മബന്ധങ്ങളുടെ കാണാചരടുകൾ മുറുക്കി കടന്നു പോയ കാറ്റ്....

അറിയാതെ കണ്ണുകളടഞ്ഞു പോയി-

ഉറക്കത്തിൽ ശാന്ത ഒരു സ്വപ്നം കണ്ടു. ജാലകത്തിലൂടെ കണ്ട ആകാശത്തിന്റെ ചീള് ഉരുകിയുറഞ്ഞ് ഒരു ചെറു വേദനയായി അവളുടെ ഉദരത്തിലേയ്ക്ക് വന്നു പതിക്കുന്നു. കാണെക്കാണെ പ്രകാശവേഗതയിൽ ആ വേദന ഉടലാകെ പടരുകയാണ്.

അസ്ഥികൾ പൂത്തു വിടരുന്നു.

അനേകം പെരുമ്പറകൾ ഒന്നിച്ച് ഉള്ളിലിരുന്ന് മുഴങ്ങുന്നു. വേദന.......... വേദന മാത്രം ....... അഗ്നിചിറകുകൾ വീശി ജീവന്റെ മാലാഖമാർ തന്റെ ഉദരത്തിനു ചുറ്റും വട്ടമിട്ട് പറക്കുകയാണ്. വേദന ഒരു ഉറവ പോലെ ചാലിട്ട് താഴേക്കൊഴുകുന്നു.

നാഭിച്ചുഴിയും അടിവയറും കടന്ന് വേദന പ്രചണ്ഡമായ വേഗമാർന്ന് ജീവന്റെ പടിവാതിൽക്കലേക്കെത്തുകയാണ്..........

"അമ്മേ......" അവൾ കരഞ്ഞു തുടങ്ങുന്നു. കാറ്റിന്റെ ശീൽക്കാരം കൊണ്ടു വന്ന ജീവന്റെ തുടിപ്പ് ബന്ധനങ്ങൾ വിട്ട് യാത്രയാരംഭിക്കുകയാണ്. വേദനയുടെ ധ്രുവനക്ഷത്രങ്ങൾ അവന് വഴികാട്ടി. ഇതിലേ...... ഇതിലേ........

ഇരുട്ട് താഴിട്ട് പൂട്ടിയ ഗർഭഗൃഹത്തിന്റെ വാതിൽ പക്ഷെ അവനു മുൻപിൽ തുറന്നില്ല. ഒന്നു പിടഞ്ഞ് അവൻ വീണ്ടും ശ്രമിച്ചു. സാധിക്കുന്നില്ല.

വെളുത്ത കോട്ടിട്ട മാലാഖമാർ തലങ്ങും വിലങ്ങും ഓടുന്നത് ശാന്തയ്ക്ക് കാണാമായിരുന്നു. എല്ലാവരും പരിഭ്രാന്തരാണ്. ഡ്രൈവർ രവിയുടെ ശബ്ദവും കേൾക്കുന്നുണ്ട്.

"ഡോക്ടറെ വിളിക്ക് ... ഡോക്ടറെ വിളിക്ക്"

"കിട്ടുന്നില്ലടോ...ഞാനെന്തു ചെയ്യാനാ.........അങ്ങോരടെ ഒടുക്കത്തെ പ്രസംഗം........ഒരു കാര്യം പറഞ്ഞേക്കാം..........ഒന്നുകിൽ തള്ള......അല്ലെങ്കിൽ കുഞ്ഞ്.....എന്നേക്കൊണ്ട് അത്രക്കൊക്കേ .....പറ്റൂ...."

ശരീരത്തിലെ ഉള്ളറകളിൽ വിരൽ പാടുകൾ പതിയുന്നതും തന്നിലെ ഭാരം പതിയെ ഒഴിയുന്നതും ശാന്ത അറിയുന്നുണ്ടായിരുന്നു. വന്യതകൾക്ക് മുൻപിലെ തനത് നിസ്സംഗതയോടെ അവൾ എല്ലാം ഉൾക്കൊണ്ടു.

വേദന കുറഞ്ഞു വരുന്നു.

സ്വപ്നത്തിന്റെ ഉഷ്ണരാശിയും മങ്ങിയിട്ടുണ്ട്.

ഇപ്പോഴവൾക്ക് ജാലകത്തിനപ്പുറത്തെ ആകാശത്തിന്റെ ചീള് വീണ്ടും കാണാം. ഇലചാർത്തുകളിലെ കാറ്റിനെ കാണാം. അവളുടെ ചിന്തകൾ സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ വീണ്ടും നേടിയിരിക്കുന്നു.

പാപത്തിന്റെ ഭാരം വിട്ടൊഴിഞ്ഞ ഉടലാണിത്.

ഞാൻ വീണ്ടും കാടിന്റെ മകളായിരിക്കുന്നു. എനിക്ക് പരിചയമില്ലാത്ത ലോകം എന്റെ ശിരസ്സിലേറ്റിത്തന്ന അഗ്നികിരീടം ഞാനിതാ......തിരിച്ചേൽപ്പിക്കുന്നു.

പഴയ ഒരു ബഡ് ഷീറ്റിൽ പൊതിഞ്ഞെടുത്ത കുഞ്ഞിന്റെ ജഡവുമായി ശാന്ത ഓട്ടോയിൽ കയറിയിരുന്നു. ഡ്രൈവർ രവി ഒരു ഫ്ലക്സ് ബോർഡ് വായിക്കുകയായിരുന്നു. കടൽ തീരത്ത് കമഴ്ന്ന കിടക്കുന്ന ഒരു കുട്ടിയുടെ ചിത്രത്തിനു താഴെ രേഖപ്പെടുത്തിയിരുന്ന പേര് ആയാൾ തപ്പി വായിച്ചെടുത്തു.

"ഐെ...ലൻ....കു...ർദ്ദി....ഐെലൻ കുർദ്ദി.........ഇതാരാ ഈ കൊച്ച്......."

ഓട്ടോയിൽ ശാന്തയെ കണ്ടതോടെ രവി ഉത്സാഹത്തോടെ ഓടി വന്നു.

"പോകാമോ കൊച്ചേ....." അയാളുടെ ശബ്ദത്തിൽ പഴയതിലും സ്നേഹം തുടിച്ചിരുന്നു.

യാത്രയിലുടനീളം രവി ഇനി ചെയ്യേണ്ട കാര്യങ്ങളേക്കുറിച്ച് ശാന്തയെ ബോധവതിയാക്കിക്കൊണ്ടിരുന്നു. അവൾ മറുപടിയൊന്നും പറഞ്ഞില്ലെങ്കിലും അയാൾ നിർത്താതെ സംസാരിച്ചു.

കാട്ടിൽ വിജനമായ ഒരിടത്തെത്തിയപ്പോൾ അവൾ പെട്ടെന്ന് പറഞ്ഞു "ഇവിടെ നിർത്തിക്കോ......"

രവി ഒന്ന് സംശയിച്ചു - "അതിന് കൊച്ചിന്റെ സ്ഥലമെത്തിയില്ലല്ലോ....."

"ഇവിടെ മതി" രവി ഓട്ടോ ഒതുക്കി നിർത്തി. പുറത്തിറങ്ങിയ ശാന്ത ഒരു വേള ശങ്കിച്ചു നിന്നു. അവളുടെ വിഷമം മനസ്സിലാക്കിയ രവി പറഞ്ഞു -

"ഒന്നും വേണ്ട.....കൊച്ച് പൊയ്ക്കോ..."

അവളുടെ കയ്യിലെ പൊതിക്കെട്ടിലേയ്ക്ക് നോക്കിയപ്പോൾ അയാൾക്ക് അത്യധികം സങ്കടം വന്നു. എന്താണ് ചെയ്യേണ്ടതെന്നറിയില്ല. ഇതേ പ്രായത്തിൽ അയാൾക്കുമുണ്ടൊരു മകൾ...... പോക്കറ്റിൽ നിന്നും ഏതാനും നോട്ടുകൾ എടുത്ത് അവളുടെ കയ്യിൽ വച്ചു കൊടുത്തിട്ട് അയാൾ ധൃതിയിൽ ഓട്ടോ ഓടിച്ചു പോയി.

കാട് -

ശാന്തയ്ക്ക് എന്തെന്നില്ലാത്ത ആശ്വാസം അനുഭവപ്പെട്ടു. നെഞ്ചു നിറയെ അവൾ ഒരു ശ്വാസമെടുത്തു.

എന്റെ അമ്മേ....... ഞാനിതാ തിരിച്ചെത്തിയിരിക്കുന്നു. കാടുകയറി വന്ന മാരുതിയുടെ ജീവാംശം പറിച്ചെറിഞ്ഞ് ഞാനിതാ അഗ്നിശുദ്ധി നേടിയിരിക്കുന്നു.....

ഇനിയെന്നെ സ്വീകരിക്കുക -

മരങ്ങൾക്കിടയിലേക്കിറങ്ങി അവൾ നടന്നു. ചിരിക്കുന്ന പൂക്കൾ..... തലയാട്ടുന്ന ഇലകൾ വള്ളിപടർപ്പുകളിലൂടെ ഒരു മരയണ്ണാൻ ചിലച്ചു കൊണ്ട് പോകുന്നു.

എന്റെ അമ്മ എന്നെ വരവേൽക്കുകയാണ്.

ഒരു ചെറു കുന്നിറങ്ങി അവൾ ഒരു അരുവിയുടെ കരയിലെത്തി. കൈക്കുമ്പിളിൽ വെള്ളമെടുത്ത് കുടിച്ച് മുഖവും കഴുത്തും തുടച്ച് അവൾ തയ്യാറായി. അനന്തരം പഴന്തുണികെട്ടഴിച്ച് അവൾ കുഞ്ഞിന്റെ ജഡം മൺതിട്ടയിൽ കിടത്തി.

കുഞ്ഞ് കമഴ്ന്ന് കിടക്കുകയാണ്.

നദി കൈകൾ കൊണ്ട് അവനെ തലോടുന്നു.

കാടിന്റെ നൈർമ്മല്യം കൊണ്ട് അവനെ അമ്മിഞ്ഞയൂട്ടുന്നു.

ഇതാണെന്റെ പ്രായശ്ചിത്തം...... കാടു തന്നതിനെ കാടിനു തന്നെ തിരിച്ച് തരികയാണ് ഞാൻ.

എന്റെ ജനിതകങ്ങളിൽ പാപത്തിന്റെ ഏടുകളെഴുതിചേർത്ത നിയതിക്ക് എന്റെ ശ്രാദ്ധം......

ഉറച്ച ചുവടുകളോടെ അവൾ കാടിന്റെ അഗാധമായ ശാന്തതയിലേയ്ക്ക് നടന്നു കയറി പോയി.

വിടരും മുൻപേ കൊഴിഞ്ഞു വീണ ഒരു പൂമൊട്ട് വഴിയിൽ കിടന്നിരുന്നു. അവളുടെ പാദങ്ങൾ അതിനെ അമർത്തി കടന്നു പോയി.

ലവണ ജലത്തിന്റെ അമ്മിഞ്ഞയുണ്ണാതെ ലോകത്തിന്റെ കണ്ണുനീർത്തുള്ളികളൊന്നും നെഞ്ചിലേറ്റുവാങ്ങാതെ കാറ്റിന്റെ ജീവാംശം ആ നദീതീരത്തെ മണൽതിട്ടയിൽ ഒറ്റയ്ക്കുറങ്ങി.



മലയാളം വാരാഘോഷത്തിന്റെ ഭാഗമായി രണ്ടാം സമ്മാനം ലഭിച്ച ചെറുകഥയുടെ (കറുപ്പും വെളുപ്പും) രചയിതാവ് ശ്രീ.ജിനേഷ്.വി.എം, ഓഡിറ്റ് ഓഫീസർക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായ പ്രൊഫ.വി.കാർത്തികേയൻ നായർ സമ്മാനം നൽകുന്നു.

കല പി.
ഓഡിറ്റർ, തിരുവനന്തപുരം നഗരസഭ ഓഡിറ്റ്

## അക്ഷര മാനസം

അക്ഷരപ്പിച്ച നടത്തുവാനൂഴിയിൽ
ഞാൻ തേടി നേടിയൊരഴകാണ നീ
അമ്മയെന്നമൃതേത്ത് ചൊല്ലി പഠിപ്പിച്ച-
തെൻ ഭാഷയായമ്മയല്ലോ.
കനലിന്റെ കണ്ണനീർ കവിളിലൂട്ടറുമ്പോൾ
ഞാൻ കണ്ടയിരവിന്റെ നിഴലാണ നീ
മനതാരിൽ അലിയുന്ന കനവിന്റെ മധുരിമ-
ചാലിച്ചതെൻ ഭാഷയല്ലോ.
പുസ്തകകടലാസ്സ് കളിവള്ളമാക്കിയും,
പൂനെല്ലിൻ പാടത്ത് പാറിക്കളിച്ചതും,
മണ്ണം, ചിരട്ടയും, പൂവും, പൂമ്പാറ്റയും
വർണ്ണങ്ങളേകിയ ബാല്യമാം ഓർമ്മയിൽ
ചാർത്തിയതെൻ ഭാഷയല്ലോ.
പെരുമഴക്കാലത്തും, പൊരിവെയിൽ ചൂടിലും,
ഇലക്കട മറയായി ചൂടി നടന്നതും
ചേമ്പില ഒഴുക്കിയും, ചേറിൽ കളിച്ചതും,
പുതുമഴയായെന്നിൽ നിറയുന്നൊരോർമ്മകൾ
നേടിയതെൻ പുണ്യമല്ലോ
സ്വർഗ്ഗമെൻ കവിതയിൽ കല്പനകൾ തീർത്തതും
സ്വപ്നങ്ങളണയാത്ത ചപലമോഹങ്ങളും
അഴലിന്റെ കണ്ണനീർ, അഴകിന്റെ തെളിനീർ
സ്വരമായ്, ലയമായ്, സ്വന്തമാക്കീടുവാൻ-
തേടിയ കൈവല്യമല്ലോ
ബന്ധങ്ങൾ ബന്ധനമാകുന്ന യൗവ്വനം
ഉൾഭ്രമമായയാൽ അന്ധരാകുന്നതും
ഉപജാപമൂർച്ചയാൽ നീറുന്ന ലോകവും
മധുരമായ് മൊഴിയുന്ന നാവിന്റെ പെരുമയും
കാട്ടിയതെൻ ഭാഷയല്ലോ
ഓർമ്മകൾ മൗനമായ് മണ്ണിലമരുമ്പോഴും
ഓമനിച്ചീടുമീ കാലം മറയ്ക്കാത്ത
മലയാണ്മ പേറുന്ന മലനാടിൻ പഴമയും
പല നാട് താണ്ടിയും, പദമേറെ നേടിയും
പരിമളം തൂകുമെൻ ഭാഷയല്ലോ.

## ശില്പം

ജയകൃഷ്ണ ആർ.
അസി. ഓഡിറ്റ് ഓഫീസർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

അഗ്നി മുഖമാർന്ന ശില്പങ്ങളിൽ, ജ്വലിച്ചസ്തമിച്ചീടും പ്രണയാങ്കുരം!
ശില്പങ്ങളാകുന്ന സാന്ദ്രമൗനം, ഞാനർച്ചിട്ടുന്നാത്മ മോഹം!
എന്തെൻ കണ്ണിലൊരനഗ്നി സ്ഫുലിംഗം? നിൻമിഴിക്കാറിൻ തടിത്
സ്മരണം?
ചെന്തീയെ, ചന്തമായി, ചെഞ്ചുണ്ടിലൊളിപ്പിച്ച് ചെന്താർമിഴിക്കെന്റെ
പ്രണയശില്പം
അനശനം, മലർശര, നിനക്കായി നോറ്റും കനലിലെന്നുയിർ ബാഷ്പമേകിയും
പണിതതാണീ ശില്പം ദേവിയല്ലെൻ, പ്രാണദേവിതൻ ദേഹി തൻ ശില്പം.
(ഇവൾ) കനലറ്റ് തണവാർന്ന് ജലശയ്യകൊള്ളവേ, (വീണ്ടും)
സങ്കല്പമൂശയിലഗ്നിയൊഴുക്കിടും,
ഇത് നിന്റെ ദേവി, തണത്തപോയോൾ വീണ്ടും ഉടച്ചെന്റെ സങ്കല്പം
വാർത്തീടും ഞാൻ
ഇന്ന് തൃക്കോവിലിൽ ദേവിയായെൻ കാമചിത്തത്തിലുരുകിയുരുവാർന്ന
ലോഹം
തക്ഷന്റെ കല്പനാ വൈഭവം, പ്രാണനിൽ സ്വച്ഛമമർന്നൊരു കാമിനീ ബിംബം
(ആരാധകൻ)
"എവിടെയാ ത്രിപുര സുന്ദരി, കാണട്ടെ, എവിടെയാ മാതൃകാ ബിംബം?"
(ശില്പി)
"ഇവിടെയെൻ നെഞ്ചിലെൻ ചിത്തത്തിൽ, പ്രണയം പൊഴിക്കുമാ രൂപം"
(ആരാധകൻ)
"വെറുമൊരു ഭാവന മാത്രമെന്നോ കാലം കനിവോടെയേറ്റിയ ദേവി
ബിംബം?"
(ശില്പി)
അരുതെന്റെ പെണ്ണിനൊരപരയില്ല, ഇത് വെറും സങ്കല്പബിംബം?
(ആരാധകൻ)
"കാണട്ടെ, കൈകൂപ്പി നിൽക്കുവാൻ മാത്രം, കാണട്ടെയൊരുവട്ടമാവാമഭാഗം.."
വീണ്ടും മടിച്ചിതാ രാജശില്പി, കൈക്കൊൾവതില്ലയപേക്ഷ തെല്ലും.!
(ആരാധകൻ)
"നിൻമിഴിപ്പൂക്കളിൽ നക്ഷത്രമാകും, പെണ്ണെനിക്കമ്മയെപ്പോലെ,"
താണവിടവാങ്ങവെ, ശില്പി ചൊല്ലി: "വരികെന്റെ കൂട്ടി... നീ കുടിലിനുള്ളിൽ"
ജീർണ്ണത, നിശ്ശബ്ദ വേദനയാർക്കുന്ന കുടിലിന്റെയുള്ളിൽ കടന്നു ഞങ്ങൾ
അവിടെയൊരു പായിൽ ചുരുണ്ടു കിടപ്പൂ വിരൂപയാം രോഗിണി, ശില്പിജായ

ദേഹമല്ലെൻ പ്രാണനാഥ തൻ ദേഹി, ആത്മസൗന്ദര്യമെൻ കാവ്യശില്പം
നിശ്ശബ്ദ മന്ദസ്മിതത്തിലൂടെ, ചൊല്ലാതെ ചൊല്ലിയാ രാജശില്പി
കാവ്യങ്ങൾ, ഗാനങ്ങൾ, ശില്പങ്ങളില്ലെങ്കിൽ മരുഭൂമി മാത്രം മഹാപ്രപഞ്ചം
ഭാവനാട്യങ്ങൾ പകർന്നേകിടുന്ന സൗന്ദര്യ-വൈരൂപ്യം മനസിജങ്ങൾ
(ശില്പിയാണ് ഈശ്വരൻ, പെണ്ണ് പ്രകൃതിയും അമ്മയും, സങ്കല്പമാണ്
സൗന്ദര്യം)

## കനലുകൾ കെട്ടുമ്പോൾ

സ്മിത പി.എസ്
സീനിയർ ഗ്രേഡ് ഓഡിറ്റർ, ഡയറക്ടറേറ്റ്

മുന്നിൽ നിവർത്തിയ മങ്ങിവിളറിയ ശൂന്യമാം കടലാസ്സിൽ
മന്ദം മിഴിനട്ടിരുന്നു ഞാനേതും കുറിക്കാനാകാതെ വെറുതേ....
നിലയ്ക്കുന്നുവോ കവിതയെന്നുള്ളിൽ നിറയ്ക്കുമാ ദ്യുതികണം?
തകർക്കുന്നുവോ വിഹ്വല മനോസ്പന്ദനങ്ങളെൻ കല്പന?

മുത്തുകിലുങ്ങനെ ചിരിക്കുന്നു, ഒരു പത്തുവയസ്സുകാരി,
തഴുകിത്തലോടുന്നു മടിയിൽക്കിടത്തി കൊഞ്ചിക്കുന്നു,
ഏതോ ഭ്രാന്തകരങ്ങൾ തട്ടിയെറിയുന്നു, തെറിച്ചതാ
വീഴുന്നുവവളുടെ ചെറുകളിപ്പാവ നിശ്ചലം ചളിക്കുണ്ടിൽ.....

പിന്നെയവൾതൻ അങ്കത്തിൽ നിന്നുർന്നിറങ്ങിപ്പോയ്
മറ്റൊരു പാവക്കുട്ടി, തൻ കളിക്കോപ്പിതെങ്ങനെയോടി
നടക്കുന്നതിങ്ങനെയെന്നേതുമറിയാതെ തള്ളിയകറ്റുന്നു
കൂട്ടിനില്ല ഞാൻ നിന്നോടൊരിക്കലും പോക നീ ദൂരേയ്ക്ക്....

ഇരതന്നുടുതുണി വലിച്ചുരിയുന്നു പിന്നെയും പിന്നെയും
മ്ലേച്ഛം വഷളജിഹ്വകൾ, നടിയോ നാടോടിയോ ഭേദമേതു
മില്ലാതെ ഭേദ്യം തുടരുന്നു നിറയുന്നുവാരവം രാപകൽ
ചർച്ചകൾ കരാളദംശനമോരോ നിമിഷവും അതിക്രൂരം......

മാന്ത്രിക ജാലവിദ്യയാൽ ശുനകനെയൊരജമാക്കും
പിന്നെ വിഷനാവുകൾ കിതയ്ക്കും മുരൾച്ചകൾ അന്നിന്റെ
യെച്ചിൽ പങ്കിടാനൊപ്പമോരിയിടാൻ നീലനരികൾ
നിരക്കുന്നു വട്ടം നിരത്തുന്നു താന്താന്റെ മദമെഴും മതം.....

അതാ, പിടയുന്നു വലയ്ക്കുള്ളിൽ പൊടിമീനുകളെന്നപോൽ
നവയുഗകാളിയൻ തീണ്ടിയ കാടകൂടമേറ്റ നൽശ്വാസവായു
കിടയാതെ കാർവർണമാർന്നേഴുപത്തിൽപ്പരം കിളുന്നിളം
മേനികൾ, നുരയ്ക്കുന്നു മൃതചോരയിൽ പുഴുക്കൾ പലവിധം,

വമിക്കുന്നു ദൂഷ്യരസങ്ങൾ പുഴപോലെയാ മലപ്പാച്ചിലിൽ
തകർന്നടിയുന്നു ആയിരം സംസ്കൃതി തന്നുടെ മായാമണി
മേടകൾ ധർമശാലകളവതാരങ്ങൾ, നീതിയുമന്ധമായ്
മാറിയോ? നനവില്ലാകൺതടങ്ങൾ മിഴിക്കുന്നു നീളവേ.....

എവിടൊക്കെയോ തിളയ്ക്കുന്ന വാക്കുകൾ ചുട്ടിടാൻ അഗ്നി
സ്ഫുരണമായ് കാർന്നിറങ്ങി തൊണ്ടക്കുഴികൾ തകർക്കുന്നു
ആ പൊരിയിൽ നിന്നുയരുന്നു നീളെ വാനിലുജ്ജ്വലാശയ
നീലജ്വാലകൾ അനന്തമാംപാതയിൽ വഴികാണാതുഴലുന്നു...
മനുഷ്യനായ് തങ്ങളിൽ കാണാൻ കഴിയാത്ത മഹാതിമിരം
തുടച്ചു നീക്കിടാൻ, അപരന്റെയന്നനാളത്തിലമരുന്ന ബാഹ

ബന്ധനമഴിച്ചിടാൻ, ഇനിയും വന്നുപറ്റേണമോ മനുഷ്യത്വമാ
യുൾക്കൺ തുറപ്പിക്കും ജീവന്റെ വചസ്സുകളീഭൂവിലിക്കാലവും?

തളർന്നുപോയ് ഞാനെൻ പത്രത്തിലില്ല പകർത്തുവാനായ
തില്ലൊന്നുമേ, അതോ നിറഞ്ഞുവോ നിലച്ച ബാല്യകേളികൾ,
മൃത്യുവിൻ തണുവിരൽസ്പർശം, കരാളഹസ്തങ്ങളും തോക്കിൻ
മുഴക്കവും, കടിച്ചുകീറപ്പെട്ടിടും ഉടലാഴങ്ങൾ, മരവിച്ച മനസ്സാക്ഷി?...

വയറിന്നടിത്തട്ടിലൂറിയുരുണ്ട കയ്പുനീരെൻ കണ്ഠനാളത്തെ
കടയവേ, പതഞ്ഞു ചാറ്റൽമഴപോലെ വായിലൂടിറ്റകണങ്ങളാ
പാഴ്ത്തുണ്ടു കടലാസ്സിൽ പാണിനീട്ടിപ്പരക്കുന്നു കല്പാന്തതോയമാ,
യുൾക്കാമ്പിൽ നീറുന്ന വാക്കിൻ കനൽ കെടുക്കുവാൻ കുതിക്കുന്നു......

## ഫ്രീക്കൻമാരുടെ ദൈവം

*അജി ദൈവപ്പുര*
*സീനിയർ ഗ്രേഡ് ഓഡിറ്റർ*
*ഡയറക്ടറേറ്റ്*

ഒരു ആദിപരമ്പര ദൈവം ഇവിടെ
ആടി ഉലഞ്ഞുനടക്കുന്നുണ്ടേ
തട്ടിമറിഞ്ഞു വീഴാറുണ്ടേ രക്തം മണ്ണിൽ ഇറ്റുകാറുണ്ടേ
കണ്ണിനു കാഴ്ചകുറഞ്ഞു കാതിൻ കേൾവി മറഞ്ഞു
ചിലവിളി ദൈവം കേൾക്കാറുണ്ടേ
ചിലവിളി ദൈവം കേൾക്കാറില്ല
കണ്ണുള്ളവരേ കണ്ടോ നിങ്ങൾ
കാതുള്ളവരേ കേട്ടോ നിങ്ങൾ
ആദിമമൊക്കെ തച്ചു കാലം, പരമ്പരയറ്റു
വിപ്ലവവീര്യം മണ്ണിലുറഞ്ഞു
പഴമകൾ മാഞ്ഞതിൻ പുതുമതെളിഞ്ഞു
വേഗത കൂടിയ കാലം ഇതു
പുതു ഫ്രീക്കൻമാരുടെ കാലം.....
ഒരു ആദിപരമ്പര ദൈവം ഇവിടെ
ആടി ഉലഞ്ഞുനടക്കുന്നുണ്ടേ
പഴമക്കാരാം ഭക്തർ പോയി പരിചയമുള്ളവരൊക്കെ പോയി
കാവുകൾ പോയി കുളങ്ങൾ പോയി
കഥയറിയുന്നവരൊക്കെ പോയി
വേഗതകൂടിയകാലം ഇതു
പുതു ഫ്രീക്കൻമാരുടെ കാലം
ഒരു ആദിപരമ്പര ദൈവം ഇവിടെ
ആടി ഉലഞ്ഞുനടക്കുന്നുണ്ടേ
പുതുമകൾ കൂടിയ ദൈവം പുതുതലമുറവാഴ്ത്തും പുതുദൈവം
സർവ്വാഭരണവിഭൂഷിതരായി
അനവധിയായി പൂക്കളണിഞ്ഞു
തങ്കം പോലെ വിളങ്ങുന്നുണ്ടേ
മഞ്ഞും മഴയും കൊള്ളാതിവിടെ അംബരചുംബിത-
ഗോപുരമേടയിൽ അമരും ദൈവം
ഇതു ഫ്രീക്കൻമാരുടെ ദൈവം
ഇതൊക്കെ കണ്ടും കാണാമട്ടിൽ
ഒരു ആദിപരമ്പര ദൈവം ഇവിടെ
ആടി ഉലഞ്ഞുനടക്കുന്നുണ്ടേ.......................

## വ്യഥയെന്തിന് വൃഥാ

ശ്രീകമാർ ആർ
സീനിയർ ഗ്രേഡ് ഓഡിറ്റർ,ഡയറക്ടറേറ്റ്

കഴിഞ്ഞ വെള്ളപ്പൊക്കം എന്റെ-
കാർഷിക വിളയെല്ലാം കവർന്നെടുത്തു-
വെന്നാലുമടുത്ത കൃഷിയിൽ ഞാൻ -
മെച്ചപ്പെട്ട വിളവെടുത്തു.......

കടന്നുപോയ വെള്ളപ്പൊക്കം തരിശ്ശ്-
കിടന്നുപോയ കൃഷിയിടത്തെ മാത്രമല്ല....
എൻ ചിന്തയേയും ഫലഭ്രയിഷ്ഠമാക്കിയിരുന്നു.

എന്റെ വീടിനുചുറ്റുമഴുക്കു ചാലുകളാണ്-
എങ്കിലുമിക്കഴിഞ്ഞ ഡെങ്കിപ്പനിക്കാലത്ത് -
എനിക്ക് സുഖമായി ഉറങ്ങാൻ കഴിഞ്ഞു.....

എന്തെന്നാൽ ഡെങ്കിക്കൊതു-
എപ്പോഴും ശുദ്ധ ജലത്തിലേ വളരൂ -
വെന്നതെനിക്കറിയാമായിരുന്നു......

തലയിൽ മുടി കൊഴിയുകയാണല്ലോയെന്ന്-
തിരക്കുന്നവരോടൊക്കെ സുസ്മിതം
തലതന്നെ പോകുന്നോരവസ്ഥയിലും
തിരക്കിട്ടെൻ കർമ്മം തുടർന്നു ഞാൻ
ഇദംപ്രഥമമായ് പ്രതിശ്രുത വധുവറിയാതെയേകിയ സമ്മാനം -
"ഇണങ്ങാത്ത കുരുവികൾ"- എന്ന പുസ്തകത്തലക്കെട്ട്-
കണ്ടു ഞാൻ കണ്ണുമിഴിച്ചൊരുവേള നിൽക്കുമ്പോൾ -
കാറ്റേറ്റ വൈദ്യുതിക്കമ്പികൾ സ്ഫുലിംഗങ്ങൾ തീർക്കവേ....

പതറാതെയാക്കുരുവിയെ നെഞ്ചോടടുക്കിപ്പിടിച്ചു ഞാൻ......
പറയൂ പിന്നെയുമെനിക്കെന്തിനു വ്യഥ.....വ്യഥയെന്തിനു വൃഥാ.....

ജി.സജിത് കുമാർ
ഓഡിറ്റ് ഓഫീസർ
കോർപ്പറേഷൻ ഓഡിറ്റ്, കൊല്ലം

## ഋതു

കതിരു ചായുന്ന
കോതമ്പു പാടങ്ങൾക്കപ്പുറം
കതിരോൻ കനകമകുടമണിയും
സാന്ധ്യവർണ്ണത്തിനപ്പുറം

കാത്തിരിക്കയാണവൾ
ഇരുൾ പാദങ്ങൾ പടി
കടന്നെത്തുന്നതിൻ മുൻപ്
കുട്ടിനായമ്മയെ അച്ഛനേയും

ഭയമെട്ടു ദിക്കിലും കാവൽ
നിക്കുമാ ചെറ്റക്കുടിലിൽ
തനിച്ചാണവൾ, പുലരിയിൽ
കൊയ്ത്തിനവർ പോയ ശേഷം

കദനം ആൾരൂപമാർന്നവൾ
നെഞ്ചിടിപ്പുയർത്തുമിലയനക്കം
നാൽകാലി നരികളോ
ഇരുകാലി നായ്ക്കളോ

കതിരോൻ മറയുവാൻ
കാത്തിരിക്കേണ്ട പെണ്ണിവൾ
എന്തപരാധമെന്നറിയാതെ
ഏകാന്തശിക്ഷ വരിച്ചവൾ

കനപ്പെട്ട കരളുമായി മകളെ
തനിച്ചിട്ട് കൊയ്ത്തിന് പോയോര-
മ്മയ്ക്ക മറിയില്ലവൾ നട്ട ഞാറിൽ
മകളിന്നു തൊട്ടാലശുദ്ധമത്രേ

പ്രകൃതിയാണമ്മ, യവളുടെ
പ്രകൃതം ആറു ഋതുക്കൾ
പ്രകൃതി പുഷ്പിണിയാകുന്ന
ഉത്സവ, മെല്ലാമുന്മത്തമാകുന്നു.

പ്രകൃതി പാതിമെയ് പകുത്തു
നൽകിയ നാരിയിവൾ ഋതുക്ക
ളൊക്കെയും ചാർത്തിക്കൊട്ടു
ത്തമൂല്യയാക്കപ്പെട്ടവൾ

പ്രപഞ്ചസൃഷ്ടികളിലേറ്റം
ശ്രേഷ്ഠയായവൾ
പ്രപഞ്ചം തളിർത്തും പൂത്തും
കനിയായും നടനമാടുന്നവൾ

പ്രപഞ്ചം ചമച്ച സാമഗ്രികൾ
കൊണ്ടണിയിച്ചനുഗ്രഹിച്ച ദേവ
രൂപമിന്നിരുളിൽ മറച്ച്, കുടിലിൽ
മറച്ചേകാകിയാക്കിയെന്തിങ്ങനെ?

മണ്ണ് പൂക്കുമ്പോൾ, മാമരം
കായ്ക്കുമ്പോൾ മാനസോത്സവം
മാനവോത്സവം, വിശ്വപ്രതിരൂപം
ഋതുഭേദമാകുമ്പോഴെന്തിങ്ങനെ?

പൂക്കളിൽ പൂമ്പാറ്റയാകാതെ
പുൽനാമ്പിലോടിക്കളിക്കാതെ
വർണ്ണങ്ങളില്ലൂയലാടാതെ മിഴി
പ്പിറാവുകൾ മാത്രം പറക്കുന്നവൾ

നാരിയെ പൂജിച്ച നാകങ്ങൾ
സൃഷ്ടിച്ച കാവ്യമനീഷകൾ
ശീതികരിക്കപ്പെട്ട പുരസ്കാര
നിശകളുടെ ദിവാസ്വപ്നത്തിലോ

ഉത്തരഭാരതത്തിലേതോ വിദൂര
ഗ്രാമത്തിലൊരു
ചെറ്റക്കുടിലിലൊറ്റക്കിരുന്നു കേഴും
കുഞ്ഞുസോദരി മാപ്പ്

## ഭ്രാന്തൻ

*പ്രീത എസ്.എസ്*
*ഓഡിറ്റ് ഓഫീസർ, കോർപ്പറേഷൻ ഓഡിറ്റ്, കൊല്ലം*




മലയാളം വാരാഘോഷത്തിന്റെ ഭാഗമായി രണ്ടാം സമ്മാനം ലഭിച്ച കവിതയുടെ (ഭ്രാന്തൻ) രചയിതാവ് ശ്രീമതി. പ്രീത.എസ്.എസ്, ഓഡിറ്റ് ഓഫീസർക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായ പ്രൊഫ.വി.കാർത്തികേയൻ നായർ സമ്മാനം നൽകുന്നു

ശൂന്യതയുടെ ഇരുട്ടറയിൽ
വെള്ളാരം കല്ലുകളായി തിളങ്ങി
നിന്റെ കണ്ണുകൾ
ഞാൻ ആ കല്ലെടുക്കാൻ
കഴിയാത്ത തുമ്പിയും
ജനന മരണങ്ങൾക്കിടയിലെ
വന്യമായ മഹാമൗനം
പുൽകി നീ നില്ലേ
മനസു കളഞ്ഞുപോയ നിന്നെ
ഞാൻ ഭ്രാന്തനെന്നു വിളിച്ചു (2)

ജനിതക ഘടനകളുടെ നിർമ്മിതികൾ
ക്കൊടുവിൽ
ദൈവം കൈയൊപ്പ് വച്ച് നിനക്ക്
ഈ ഭൂവിൽ ഇടം നൽകിയപ്പോൾ
പേരില്ലാത്തവനായി ഞാൻ
അപ്പോഴും മനസ് കളഞ്ഞുപോയ നിന്നെ
ഞാൻ ഭ്രാന്തനെന്നു വിളിച്ചു (2)

കുന്നിൻ മുകളിൽ ഉരുട്ടി കയറ്റിയ
അഹന്തയുടെ കല്ലുകൾ
താഴേക്കെറിഞ്ഞു നീ
എന്റെ ഭ്രാന്തചിന്തകളെ പരിഹസിച്ചു
അപ്പോഴും മനസു കളഞ്ഞുപോയ നിന്നെ
ഞാൻ ഭ്രാന്തനെന്നു വിളിച്ചു (2)

ഇനിയെത്ര താണ്ടണം ഞാൻ
നിന്നെപോലാകാൻ
ചില നേരങ്ങളിൽ ഭ്രാന്തമായി
അലറുന്ന എന്നിലെ തിരമാലകളെ
മനസിന്റെ തീരത്തിലടുപ്പിച്ചൊന്നു
ശാന്തമാകാൻ
നിന്റെ കണ്ണുകളിലെ ദിവ്യപ്രകാശം
കടംകൊള്ളുമൊരു തുമ്പിയാകാൻ

## കൂടപ്പിറപ്പ്

ജിഷ പി.,
ഓഡിറ്റർ,
കോഴിക്കോട് ജില്ലാ ഓഡിറ്റ് ഓഫീസ്

എൻ മൗനനൊമ്പരമെന്തിനെന്നറിയില്ല
ആത്മാവിൻ വീഥിയിലെന്നുമെന്നും
ജീവിത സ്പന്ദനമൊന്നിലതൊക്കെയും
കൂടപ്പിറപ്പായ് പോകയോ നീ

അറിയില്ലെന്നാത്മാവിനിത്ര മാത്രം
ഹൃദയത്തുടിപ്പുകൾ എന്തിനെന്ന്
ഒന്നുമില്ലൊന്നുമില്ലെൻ ജീവനെ നീ
പുൽകിയതെന്തിനിന്നിത്രമാത്രം

സ്നേഹമതല്ലാതൊന്നു മാത്രം
ജീവനേ നീയെനിക്കേകിയില്ല
എങ്കിലുമെങ്കിലും ഞാനെന്തിനോ
കേഴുന്നു നിത്യവും നിന്റെ മുമ്പിൽ

ഈ ലോകമത്രയും പുല്കിടുമ്പോൾ
ഞാനെന്റെ ജീവനിൽ തേടുന്നുവോ
കാപട്യമില്ലാത്തൊരാത്മാവിനെ
ജീവനായ് കരുതുന്നൊരെൻ ജീവനെ

ജീവിതവീഥിയിൽ എന്നെന്നുമെൻ
കൂട്ടായിടുന്നൊരെൻ നൊമ്പരത്തെ
കഴിയില്ലൊരിക്കലും വേർപിരിയാൻ
അറിയുന്നു ഞാനീ വേളയൊന്നിൽ

ലോകമാം സാഗരത്തിങ്കലല്ലോ
തിരയുന്നു ഞാനെന്നുമെൻ ജീവനെ
നൊമ്പര വീചികൾ അലയടിച്ചു
ജീവനാം നിന്നെ ഞാൻ പുല്കിയല്ലോ

സ്നേഹം നിറഞ്ഞ നിൻ ജീവിതത്തെ
അറിയുന്നു ഞാൻ സദായെന്നുമെന്നും
എങ്കിലും നിന്നെ തലോടിടാതെ
പോകുവതെങ്ങനെയെൻ ജീവനെ

## മകളോട്

ഷൈമ കുമാരി എസ് എൽ
ഓഡിറ്റ് ഓഫീസർ
കണ്ണൂർ സർവ്വകലാശാല

അത്ര മേൽ സ്നേഹിക്കയാൽ നിന്നമ്മ
ചൊല്ലുന്നതൊക്കെയും കേൾക്ക നീ
ഒറ്റയ്ക്കുപോകല്ലൊരിക്കലും പാതയതു
ദുർഘടം തന്നെ പറയാം നിസംശയം

മുള്ളുകൾ കൂർത്ത കല്ലുകളൊക്കെയുമെങ്കിലും
കാണാമപൂർവ്വമായ് – റോസാദലങ്ങളും
പിഞ്ചുകാൽ നോവല്ലതിലേറെ ഹൃദയവും
ചഞ്ചലമാകല്ല ചേതന ചിത്തവും

ശത്രുക്കളല്ലവരെങ്കിലും വെറും
മിത്രങ്ങളായിമാത്രം കരുതേണ്ട
കാകനായ് കഴുകനായ് വന്നിട്ടും നേത്രത്തെ
കരിയിക്കുവാനുള്ള മനസ്സു നീ നേടണം

മെയ്ബലം കൊണ്ടു നേടാത്തതൊക്കെയും–
മനശക്തിയാൽ നീ മാറോടണയ്ക്കണം
അന്നുനിന്നമ്മ, താതൻ, സഹോദരൻ
നിന്നെയോർത്തഭിമാനിയായിടും

എവിടെയെൻ കിളിമകൾ മുറിവേറ്റു പിടയുന്ന–
മനസുമായറിയാതെ പറയാതകന്നു പോയോൾ
എവിടെയെൻ മനമകൾ മുറിവേറ്റു പിടയുന്ന –
ബാല്യം അഗാധ ഗർത്തത്തിലായ പൈതൽ

മൂന്നടി മണ്ണിൽ കുഴിച്ചിടാനാകില്ല –
മൂപ്പെത്തി വിടരാത്ത നിൻ പാഴ് കിനാക്കൾ
കാറ്റിലും, സംഗീത സാന്ദ്രമാം ചാറ്റൽ മഴയിലും
കേൾക്കുന്നു നിൻ നാമം ഞാൻ വീണ്ടും നിർഭയ

## ഉത്തരമില്ലാതെ

റീന എൻ.രാജൻ
ഓഡിറ്റർ, കൊല്ലം കോർപ്പറേഷൻ ഓഡിറ്റ്

എന്റെ സ്വപ്നങ്ങളിൽ
ശേഷിച്ചതിന്നീ കവിത മാത്രം..........
തിളക്കമാർന്നിരുന്ന പകലുകൾ
സൂര്യഗ്രഹണത്തിലവ്യക്തമാകുന്നു.
നിലാവിലാണ്ടിരുന്ന രാത്രികൾ
അമാവാസികൾക്ക് വഴിമാറുന്നു.....
കഴുത്തിലെ കുരുക്ക്
പകുതി മുറുകിയിരിക്കുന്നതിനാൽ
കണ്ണുകൾ പകുതി തുറിച്ചും
വായ് പകുതി തുറന്നുമിരിക്കുന്നു.
ചട്ടുകം കൊണ്ട് ദോശ
മറിച്ചിടുന്നതു പോലെ
എന്റെ ഓരോ ദിനങ്ങളും
നിന്റെ കൈകളാലമ്മനമാടപ്പെടുന്നു
ഓരോ തവണ മറിച്ചിടുമ്പോഴും
അടുപ്പിനുള്ളിൽ വീഴുമോ എന്ന ഭയം
പാമ്പിൽ കുട്ടിലകപ്പെട്ട കുഞ്ഞെലിയെപ്പോലെ
എന്നെ പിന്തുടരുന്നു
നിന്റെ താളങ്ങൾക്കനുസൃതമായ്
മിടിക്കാൻ കഴിയാതെ,
രോഗം ബാധിച്ച എന്റെ ഹൃദയം
കിതയ്ക്കുകയും വിമ്മിട്ടപ്പെടുകയും ചെയ്യുന്നു
വീടിനുള്ളിൽ ഒരരകല്ലുപോലെയും
പുറത്ത് 'ലാപ്ടോപ്പ്'പോലെയും
നീ എന്നെ ഉപയോഗിക്കുന്നു
അടഞ്ഞ വാതിലുകൾക്കുള്ളിൽ
നീ മുഖത്തു തേച്ച തരുന്ന ചായങ്ങളനുസരിച്ച്
പല പല വേഷങ്ങൾ ആടേണ്ടി വരുമ്പോഴും
ഊൺമേശയിൽ, ഞാൻ
നിനക്കുള്ള ആഹാരമാകുമ്പോഴും
കിടപ്പുമുറിയിൽ നിന്റെ കിടക്കയാകുമ്പോഴും
ഡമോക്ലീസിന്റെ വാൾ പോലൊന്ന്
എന്റെ സ്വാസ്ഥ്യം കെടുത്തുന്നു
നീ, എന്റെ കഴുത്തിലെ
പകുതി മുറുകിയ കയറിൽ
പിടിച്ച വലിക്കുന്തോറും
കുരുക്ക് മുറുകിക്കൊണ്ടേയിരിക്കുന്നു
ഇനിയും ഞാൻ ചിന്തിച്ച കഴിഞ്ഞില്ല,
കുരുക്ക് പൂർണമായും മുറുകും വരെയും

കാത്തിരിക്കേണ്ടതുണ്ടോ, അതോ
നിശയുടെ ഒരിരുണ്ട യാമത്തിൽ
നീയറിയാതെ ഈ കുരുക്ക്
നിന്റെ കഴുത്തിലാക്കി
വലിച്ച് മുറുക്കണോ......?
ഇനിയും ഉത്തരം കിട്ടാത്തൊരു
ചോദ്യമായിതവശേഷിക്കുന്നു.......................




മലയാളം വാരാഘോഷത്തിന്റെ ഭാഗമായി ഒന്നാം സമ്മാനം ലഭിച്ച കവിതയുടെ (ഉത്തരമില്ലാതെ) രചയിതാവ് ശ്രീമതി. റീന എൻ.രാജൻ , ഓഡിറ്റർക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായ പ്രൊഫ.വി.കാർത്തികേയൻ നായർ സമ്മാനം നൽകുന്നു

## ഒരു കല്ലിന്റെ (പെണ്ണിന്റെ ) കവിത

അമ്പിളി എം
അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കോട്ടയം ജില്ലാ ഓഡിറ്റ് ഓഫീസ്

ഉയർന്നുതാന്നു കൽപ്പണിക്കാരൻ തൻ കൂടം
കനത്തോരടി.......ചെറുകല്ലിനെ പൊട്ടിയ്ക്കുവാൻ
പിളർക്കാൻ കഴിയാതെ തരിച്ചങ്ങിരിക്കവേ
പതുക്കെ കാണായ് കല്ലിൽ കിനിയും കണ്ണീർക്കണം
അരികത്തിരുന്നവൻ ചെവികൾ കൂർപ്പിക്കവേ
പതിയെ കേൾക്കായ് , പൊള്ളിത്തളർന്ന മൃദുസ്വനം
കല്ലെന്നതോർത്തോ - വെറും കല്ലല്ല പണിക്കാരാ
കരിങ്കല്ലിലും ഉറഞ്ഞോരു പെണ്ണിന്റെ മനമല്ലോ.....
ഇടറും സ്വരത്തിലായ് പതുക്കെ തുടർന്നവൾ
തരിക ക്ഷണനേരം കാതുകളെന്നെ കേൾപ്പാൻ
ചിരിച്ചും കളിച്ചും മാൻപേടപോൽ കുതികൊള്ളും
നിറഞ്ഞ ബാല്യം, വർണ്ണം വിരിഞ്ഞ കൗമാരവും
വിടർന്ന കണ്ണിൽ കത്തി ജ്വലിക്കും താരപ്പൂക്കൾ
പ്രിയമാർന്നൊരു പാദസ്വനം കാത്തിരുന്നവൾ...
വന്നെത്തി മുഹൂർത്തം, ചാർത്തീടുവാൻ പട്ടും പൊന്നും
അണിഞ്ഞുമാല്യം, മന്ത്രകോടിയും ഹർഷത്തോടെ
കനത്തൊരാനന്ദത്താൽ പതിതൻ ഗൃഹം പൂകെ
വെണ്ണപോൽ മൃദുചിത്തം, കിനിഞ്ഞു പ്രേമത്തുള്ളി
പകരും സ്നേഹം പങ്കിട്ടെടുക്കാനാവത്തൊരാൾ
പകരം നൽകീ സ്നേഹശൂന്യമാം പൊരുളുകൾ
കൂട്ടാളി കൂട്ടില്ലാതെ അകന്നുനിന്നീടവേ
കൂട്ടിനായ് അടുക്കളക്കരിയും ശകാരവും
കൂട്ടരായ് ചേർന്നു കരിപ്പാത്രവും പശുക്കളും
തിരികെപ്പോകാൻ വയ്യ, മാനക്കേടാക്കല്ലേ നീ
സഹിക്കു ഭൂമിയോളം, വിധിയെന്നമ്മയോതി
പണിതു മടുത്തവൾ, നിലവിട്ടൊരുദിനം
വേലയ്ക്കായ് വന്നതല്ല, ഭാര്യയായ് വന്നവൾ ഞാൻ
ചെവികൊണ്ടില്ലൊരു കാതും, കണ്ടതില്ലൊരു കണ്ണും
ഒടുങ്ങി അവയെല്ലാം തൻ ഭ്രാന്തൻ പുലമ്പലായ്
വെണ്ണപോൽ മൃദുചിത്തം ഉറഞ്ഞു കനത്തുപോയ്
സ്നേഹം കിട്ടാതെ കൊടുക്കാതെ ആഗ്നേയശിലയായി
ഇപ്പോഴീ മണ്ണിൽ തല ചായ്ച്ച ഞാൻ മയങ്ങട്ടേ
എന്നെപ്പോൽ അനാഥമാം അമ്മതൻ മടിത്തട്ടിൽ
എന്നെപ്പോൽ സ്നേഹം തോൽക്കും ഭൂമിതൻ മടിത്തട്ടിൽ

## ശാപമോക്ഷം

കെ.എ.അനിതകുമാരി,
ഓഡിറ്റ് ഓഫീസർ
ജില്ലാ ഓഡിറ്റ് ഓഫീസ്, കോട്ടയം

വാക്കുകളെത്ര വിചിത്രം
ഓടിയെത്തുന്ന പദാവലി
കടൽത്തിരമാലകൾ പോലെ
വ്യാകരണമുഴക്കോലാൽ
അളക്കുന്നു പലരും
കഠിനം അതികഠിനം
നാസികം അനുനാസികം
സ്വരം വ്യഞ്ജനം
ഭാഷയെനിക്കിഷ്ടം പക്ഷേ
വേണമല്പം ജീവനും
ഭാവവും വികാരവും

പാഴ് മനസ്സിന്റെ താളിലെത്തി
മാഷ് ചൊല്ലിയ വാക്കുകൾ
' അ ' ഉറപ്പിക്കാൻ അമ്മ
'ഉ' ഉറപ്പിക്കാൻ ഉമ്മ
അമ്മയും ഉമ്മയും
കുഞ്ഞുനെറ്റിയിൽ നൽകിയോരനുഭൂതി
വളർന്നെപ്പോഴോ ചുംബനമായി
വളർച്ചയുടെ യൗവ്വനത്തിൽ
അറിയാതെ മുടക്കിയ തപസ്സിന്
ഏറ്റുവാങ്ങി കടുത്ത ശാപം
" നറുതേനിൽ മധുരം കിനിയുന്ന നീ
വിരുദ്ധമായി ഭവിക്കും സദാചാരത്തിന്"
ശാപം കിട്ടിയ വാക്കുകളിങ്ങനെ
വേറെയുമുണ്ടോ നിഘണ്ടുവിൽ

ചിന്തയിൽ നിന്നുണർത്തിയെന്നെ
അഞ്ചു വയസ്സിന്റെ ആശങ്ക
ഉത്തരം മുട്ടിയിരുന്നു പോയി
വാക്കും വാക്കിന്റെ സമരവും
നിർവ്വചിക്കുന്നതെങ്ങനെ ?
കാക്കി നിറത്തിൽ അടിയും
ചവിട്ടും അപഹാസശരങ്ങളുമേറ്റ്

ശാപമോക്ഷം കാത്തുകിടക്കും
അഹല്യാശിലയെന്നോ?
ജന്മാന്തരങ്ങൾ പുൽകിയുണർത്തിയ
ശാശ്വതാനുഭൂതി തൻ മോക്ഷത്തിന്

ഇനിയെത്ര രാമൻമാർ പിറക്കണം
ഈ ഭൂമിയിൽ..................

നുണ പറയാനാവില്ലെനിയ്ക്ക്
നേര് പറഞ്ഞുപോയി ഞാൻ

## കാലം മായിച്ച കിനാവുകൾ

ജ്യോതി എം.എ,
കമ്പ്യൂട്ടർ അസിസ്റ്റന്റ്, ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം

പണ്ടത്തെ കിനാവുകളിൽ
വാകമരം പൂത്തുലഞ്ഞിരുന്നു
ഭീതി നിറഞ്ഞിരുന്നൊരാ ബാല്യ-
ത്തിലുമൊരായിരം പൂക്കൾ കിനിഞ്ഞിരുന്നു.
ഒഴുകുന്ന കാറ്റിലും സൗരഭ്യവും,
കുളിർമയും തൊട്ടു തലോടിയിരുന്നു
കടൽ നീലിമയിൽ, മൺതരിയ്ക്കുള്ളിൽ
സ്വപ്നങ്ങൾ വിതച്ചിരുന്നു.
ഉയരെപ്പറക്കുന്ന പക്ഷികൾ ആത്മരാഗം-
മുഴക്കി പറന്ന് പോയിരുന്നു.
ഉറക്കം മുടക്കി പഠിക്കുമ്പോളൊക്കെ-
യുമേഴഴക് പ്രഭാവലയം വഹിച്ചിരുന്നു.

ഇന്നെല്ലാമൊരു പഴങ്കഥയായ്
മറഞ്ഞുപോയ്, മാഞ്ഞുപോയ്
സ്വപ്ന വർണ്ണങ്ങൾ തെളിച്ചമില്ലാതായ്

ഇന്നത്തെ ചിത്ര വർണ്ണങ്ങളാറാടി-
പുൽകുന്നതാർക്കോ, എന്തിനോ വേണ്ടി
കനലെരിയുന്ന വിഷാദത്തിലമരുന്നു
ചില പേരുകൾ; വർണ്ണശബളിമ
മങ്ങിയ കിനാവുകൾ.
ചില്ലയിലെയിലത്തുമ്പിലെ മഞ്ഞുകണമു-
തിർന്നു ഭൂമിയിൽ പതിയുമ്പോലൊരു
കനലെരിയുന്ന പ്രതീതി
കാലം നിന്ന് കണ്ണിറുക്കി നിശ്ചലം
നോക്കുന്നു; ചിരിക്കുന്നു പിൻതിരിഞ്ഞ്
ഹൃദയം തുടിക്കുന്നു, ഉളളിലൊന്നൊ-
രോർമ്മതൻ ആനന്ദലഹരി മാറാപ്പിലാക്കാൻ
പാഴ്കിനാവുകൾ സ്വപ്ന സമാന-
മായ് പറന്നുയരുന്നുവോ...........
രാവിൻ ചീവിടിൻ ചൂളം വിളി
തേങ്ങലായ് വാനിലുയരുന്നുവോ.........
തീ ചൂടിയ തിരമാലകൾ അലയല-
യായി യാത്രയാകുന്നുവോ..........
പടിയിറങ്ങുവതെൻ സ്വപ്നമോ...
ഞാനോ......എൻ മിഥ്യാമോഹമോ..........
എല്ലാം കാലം മായ്ച്ച കിനാവുകളോ.......

# മൈഥിലി

*മീരാനായർ*
*ഓഡിറ്റ് ഓഫീസർ*
*തൃശ്ശൂർ കോർപ്പറേഷൻ ഓഡിറ്റ്*

ഇടവമഴയുതിർമണിയായ് പൊഴിയുമൊരു സുദിന
മെൻ കൈകൾ നിൻ കൈകളിൽ കോർത്തു നീ രാമാ...........
നൽകുകയായിരുന്നില്ല ഞാൻ എന്നെ, നീ ചേർത്തു
വലിച്ചടുപ്പിച്ച ശ്രീരാമാ...
അംശകം തീർത്തൊരാ വില്ലിനെയന്ന നീ ആഞ്ഞു കുലച്ച
മുറിച്ച നിസ്സാരമായ്......
രഥചക്രങ്ങളുരുണ്ട പോയ് മുന്നോട്ട്
മൈഥിലീ ഗേഹമകന്ന് പോയ് പിന്നോട്ട്.
മിഥിലയിലെ മണ്ണിന്റെ മണമൂറും കാറ്റും
അലിവോലും വാൽസല്യവും പോയ് മറഞ്ഞു.

ഇഷ്ടങ്ങളൊക്കെയും നഷ്ടമാക്കി നിന്റെ
യിഷ്ടങ്ങളൊക്കെയും നേടുവാൻ രാമാ.................
എന്നിട്ടും നീയെന്നെ നിന്നോടു ചേർത്തില്ല,
പാർത്തില്ല നെഞ്ചിലെ പൊള്ളും ചിരാതു നീ
മൗനമാമെൻ തേങ്ങൽ കേട്ടില്ല രാമാ.........
ആലംബമില്ലെന്നതോർത്തതുമില്ല.
കാട്ടിലുപേക്ഷിച്ചവെന്നെ നീ പ്രണയത്തിൻ
പാട്ടിലലിഞ്ഞു മയങ്ങേണ്ട നേരം.......
മിഴികളിൽ മിഴികളെ പുണരേണ്ട കാലം,
വഴി നീളെ മിഴി നീട്ടി കാത്തിരുന്ന നിന്നെ.

വന്നില്ലയെൻ കുടിൽ തേടി നീ രാമാ.......
ഓർത്തില്ല ഉദരത്തിൽ ലവ കുശൻമാരെ ....
നിദ്ര വെടിഞ്ഞീ പുൽവിരിയിൽ ഞാനും,
നിസ്സഹായ പട്ടുമെത്തയിൽ നീയും.
ഭാതൃ ധർമ്മത്തിലുറച്ച നീ നാഥാ,
ഭർതൃ ധർമ്മമെന്തേയോർത്തീല രാമാ...

രാമാനുജൻമാരും രാജ്യഭാരങ്ങളും
രാപ്പകൽ തോളിലായ് പേറീ വൃഥാവിൽ നീ..........
നേടിയതില്ല നീ രാജസിംഹാസനം,
നേടിയില്ലാ മനസൗഖ്യവും രാമാ..
ധർമ്മം വിലങ്ങിട്ട കൈകളാൽ നീയോ
കർമ്മങ്ങളെല്ലാം മറന്ന ശ്രീരാമാ..........

ഇല്ലിന്നു വത്മീക മാമുനിയാശ്രയം
ഇല്ലാ മിഥില തൻ രമ്യഹർമ്മ്യങ്ങളും
കാട്ടിലകപ്പെട്ടു പോയി ഞാനൊറ്റയ്ക്കീ
ലവ കുശൻമാരെയുമുദരത്തിലേറ്റി
കാത്തീലയെന്നെ നീ കട്ടുകോളം രാമാ,
കാതോർത്തതേതോ പ്രജാജല്പനങ്ങൾ.

നനഞ്ഞീലയെൻ മിഴി പീലികളൊട്ടും,
നെഞ്ചകം തോരാതെ പെയ്തിരുന്നെങ്കിലും.
അഗ്നിശുദ്ധിയ്ക്കായയോദ്ധ്യ കല്പിച്ചു,
അഗ്നികുണ്ഡം എന്റെയുള്ളിലെരിഞ്ഞൂ......
കണ്ണിൻമണികളാം മക്കളെ താതന്റെ
കൈകളിലേൽപ്പിച്ചു......ഉള്ളം പിടഞ്ഞൂ.
നിരാലംബയായ് നിൽക്കുമോമന പുത്രിയെ
മാറോടു ചേർത്തന്നു അംബാ ധരിത്രി

എങ്കിലും രാമാ വരും ജന്മമൊക്കെയും
നിൻ സീതയായ് തന്നെ ചേരണം ഞാൻ
ഇന്നുകൾ നമ്മിൽ നിന്നോടിയൊളിക്കിലും
നാളെ നമുക്കുള്ളതായ് വരും രാമാ..........
ശ്രീരാമരാമ അന്നിവരാരുമില്ലേലും
ശ്രീവത്സ രൂപം തുണയായ് വരേണം

## കണ്ണുനീർ തുള്ളി

*രഞ്ജിത് കുമാർ*
*ഓഡിറ്റ് ഓഫീസർ*
*ക്ഷേമനിധി ഓഡിറ്റ്,കൊല്ലം*

കണ്ണുനീർ തുള്ളി
കഥയില്ലാത്തൊരു കോമാളി
കിനാവ് ഞെരിഞ്ഞമർന്ന്
ഉടഞ്ഞൊരു ഹിമകണം

യുദ്ധത്തിനൊടുവിൽ
നിരായുധയായ പടയാളിയായി
കവിൾ തടത്തിലെത്തിയ പരാജിത

ദു:സ്വപ്നങ്ങളുടെ ചിറകിലേറി
പറന്നപ്പോൾ
അഗാധതയുടെ ആഴങ്ങളിൽ
പതിക്കാൻ തിരക്കിട്ടെത്തിയവൾ

കഥനത്തിന്റെ നീലവിഹായസിൽ
ശ്യാമമേഘങ്ങളായി
പേമാരിയായ് പെയ്തിറങ്ങാൻ
ജന്മമെടുത്തവൾ

വിരഹ താപാഗ്നിയിൽ
ഉയിർത്തെഴുന്നേൽക്കും നേരം
തീർത്ഥമായി ശുദ്ധീകരിക്കും
ദേവതയാണവൾ

സ്നേഹത്തിന്റെ നിനവായി
സന്തോഷത്തിന്റെ കരുതലായ്
കഥനത്തിന്റെ കൂടെ പിറപ്പായി
എന്നുമെത്തുന്ന പ്രിയസഖീ
നീ കണ്ണുനീർ തുള്ളി.

## ആതുരസന്ധ്യ

സി.വി.വിജുമോൻ
സീനിയർ ഗ്രേഡ് ഓഡിറ്റർ
ക്ഷേമനിധി ഓഡിറ്റ്, കൊല്ലം

സ്നേഹാതുര നീ
എന്നിട്ടുമിന്നന്തിനേരം
വിരഹാർദ്രയായ് മാറി
തെല്ല വിരഹാർദ്രയായ് മാറി

കദനം നിറഞ്ഞ നിൻവദനം മറന്നിട്ട്
തിരതല്ലും സമുദ്രത്തെ നോക്കി
ഞാൻ മനസ്സിലെ തിരതല്ലും
സമുദ്രത്തെ നോക്കി

കടലാഴമോലും വിരഹം തുളുമ്പുന്ന
സ്മരണകൾ വാതിൽ തുറന്നെത്തി
ഓർമതൻ വാതിൽ തുറന്നെത്തി

കണ്ടു ഞാനവിടെ, മിഴിക്കോണുകൾ
ചോര ജലനൊമ്പരം
വേർപാടിന്റെ ദലമർമരം;

കനകക്കൈ വീശിമായുന്ന
ഭ്രാതൃഹൃദയം കണ്ടു,
കണ്ണിലീറൻ നിലാവു കണ്ടു
എന്നെങ്കിലും എന്നടുത്തെത്തുന്ന
സ്നേഹ പ്രതീക്ഷ കണ്ടു

തങ്കഭസ്മം താലത്തിലേന്തിയ സന്ധ്യേ
നീ എന്തിത്ര ശോകയായ് മൂകയായ്
എൻ ഹൃദയനൊമ്പരച്ചാറ്റൽ
മഴനനഞ്ഞ് ഈ അന്തിനേരം

